# പിറവിത്തിരുനാൾ, വർഷാവസാനം, വർഷാരംഭം പ്രാർത്ഥനകൾ

***ക്നാനായ കാത്തലിക് റീജിയൺ***

***SYRO-MALABAR CATHOLIC DIOCESE OF CHICAGO***

*(For private use only)*




| പിറവിത്തിരുനാൾ: പേജ് 1 | വർഷാവസാനം: പേജ് 9 | വർഷാരംഭം: പേജ് 15 |
|---|---|---|


## പിറവിത്തിരുനാൾ

*(ഉണ്ണിയീശോയുടെ രൂപം അൾത്താരയിൽ സുവിശേഷ ഗ്രന്ഥം വയ്ക്കുന്ന സ്ഥാനത്തുവച്ച് വിരിയിട്ടു മറച്ചിരിക്കണം. തീയുഴൽച്ചയുണ്ടെങ്കിൽ പ്രധാന കവാടത്തിനുനേരെ ത്രികോണാകൃതിയിൽ വിറകുകൊള്ളികൾവെച്ച് മൂന്നു കോണുകളിൽ തീ കൊളുത്തുന്നതിന് സൗകര്യം ചെയ്തിരിക്കണം.)*

### പ്രവേശനഗീതം

*(രീതി: പുലരിയിൽ നിദ്രയുണർന്നങ്ങേ ...)*

വന്നണയുന്നു ദൈവസുതൻ,
മന്നിനു ശാന്തി പകർന്നിടുവാൻ
നീതി കൊളുത്താ നീയുലകിൽ,
വാനവ ധർമ്മം സ്ഥാപിക്കാൻ.

നിത്യ പിതാവിൻ തനയനിതാ,
മർത്ത്യകുലത്തിനു സമ്മാനം
തന്റെ പ്രവാചകർ വഴിയായി,
മുമ്പേയരുളി തിരുവചനം.

കാലത്തികവിൽ സകലേശൻ,
പുത്രൻ വഴിയായ് മൊഴിയരുളീ
പാപകടങ്ങൾ നീക്കിടുവാൻ,
രക്ഷകനിന്നു പിറന്നല്ലോ.

മഹിമകൾ നിറയും സ്വർഗത്തിൽ,
നിന്നു പിറന്നു ദൈവസുതൻ
വചനം മാംസമണിഞ്ഞല്ലോ,
മാനവ നിരയിൽ പാർത്തിടുവാൻ.

ആട്ടിടയന്മാർ വാഴ്ത്തുകയായ്,
ബെത്ലേം പുലരിയിൽ തിരുസുതനെ
കീർത്തിക്കാമാത്തിരുനാമം,
പാർത്തലമതിൽ നാമെന്നാളും.

***(അല്ലെങ്കിൽ)***

ദൈവം പിറക്കുന്നു, മനുഷ്യനായ് ബെത്ലഹേമിൽ
മഞ്ഞു പെയ്യുന്ന മലർമടക്കിൽ, ഹല്ലേലൂയ്യ, ഹല്ലേലൂയ്യ
മണ്ണിലും വിണ്ണിലും മന്ദഹാസം പെയ്യും,
മധുര മനോഹര ഗാനം, (2)
ഹല്ലേലൂയ്യ, ഹല്ലേലൂയ്യ, (2)
ദൈവം പിറക്കുന്നു ............

പാതിരാവിൽ മണ്ണിന്നധീരനായ്, പാരിന്റെ നാഥൻ
പിറക്കുകയായ് (2)
പാടിയാർപ്പൂ, വീണ മീട്ടൂ,
ദൈവത്തിൻ ദാസരെ ഒന്നു ചേരൂ (2)
ദൈവം പിറക്കുന്നു...

പകലോനു മുമ്പു പിതാവിന്റെ ഹൃത്തിലെ,
ത്രീയേക സൂനുവാം ഉദയ സൂര്യൻ (2)
പ്രാഭവ പൂർണ്ണനായ് ഉയരുന്നിതാ
പ്രതാപ മോടിന്നേശുനാഥൻ (2)
ദൈവം പിറക്കുന്നു .........
ഹല്ലേലൂയ്യ, ഹല്ലേലൂയ്യ (4)

*(അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി ...
ഇവിടെ ആലപിക്കുന്നില്ല)*

**കാർമ്മി:** ***(ഗാനം)*** സ്വർഗ്ഗസ്ഥിതനാം താതാ നിൻ,
നാമം പൂജിതമാകണമേ
നിൻ രാജ്യം വന്നീടണമേ,
പരിശുദ്ധൻ നീ പരിശുദ്ധൻ.

**സമൂഹം:** *(രണ്ടു ഗണമായി തുടരുന്നു).*
സ്വർഗ്ഗസ്ഥിതനാം താതാനിൻ,
സ്തുതിതൻനിസ്തുല മഹിമാവാൽ
ഭൂസ്വർഗ്ഗങ്ങൾ നിറഞ്ഞു സദാ,
പാവനമായി വിളങ്ങുന്നു.

വാനവ മാനവ വൃന്ദങ്ങൾ,
ഉദ്ഘോഷിപ്പൂ സാമോദം
പരിശുദ്ധൻ നീ എന്നെന്നും,
പരിശുദ്ധൻ നീ പരിശുദ്ധൻ.

സ്വർഗ്ഗസ്ഥിതനാം താതാ നിൻ,
നാമം പൂജിതമാകണമേ
നിൻ രാജ്യം വന്നീടണമേ,
നിൻ ഹിതമിവിടെ ഭവിക്കണമെ.

സ്വർഗ്ഗത്തെന്നതുപോലുലകിൽ,
നിൻ ചിത്തം നിറവേറണമേ
ആവശ്യകമാ മാഹാരം,
ഞങ്ങൾക്കിന്നരുളീടണമേ.

ഞങ്ങൾ കടങ്ങൾ പൊറുത്തതുപോൽ,
ഞങ്ങൾക്കുള്ള കടം സകലം
പാപത്തിൻ കട ബാദ്ധ്യതയും,
അങ്ങു കനിഞ്ഞു പൊറുക്കണമേ.

ഞങ്ങൾ പരീക്ഷയിലൊരുനാളും,
ഉൾപ്പെടുവാനിടയാകരുതേ
ദുഷ്ടാരൂപിയിൽ നിന്നെന്നും,
ഞങ്ങളെ രക്ഷിച്ചരുളണമേ.

എന്തെന്നാലെന്നാളേക്കും,
രാജ്യം ശക്തിമഹത്വങ്ങൾ
താവകമല്ലോ കർത്താവേ,
ആമ്മേനാമ്മേനെന്നേക്കും.

**ശുശ്രൂഷി:** നമുക്കു പ്രാർത്ഥിക്കാം സമാധാനം നമ്മോടു കൂടെ.

**കാർമ്മി:** കർത്താവായ ദൈവമേ, അങ്ങയുടെ അനന്തകാരുണ്യത്തെ ഞങ്ങൾ വാഴ്ത്തുന്നു. ദൈവമായിരുന്നിട്ടും തന്നെത്തന്നെ ശൂന്യനാക്കി, ദാസന്റെ രൂപം സ്വീകരിച്ച മിശിഹാ, സന്തോഷത്തിന്റെയും സമാധാനത്തിന്റെയും ചൈതന്യം കൊണ്ട് നമ്മെ നിറയ്ക്കട്ടെ. പുൽക്കൂട്ടിൽ അവതീർണ്ണനായ മിശിഹായെ, പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനുമായി സ്വീകരിച്ച് നമുക്കാരാധിക്കാം. ഈ വിശുദ്ധ രഹസ്യങ്ങൾ ഭക്തിയോടെ പരികർമ്മം ചെയ്ത്, പരിത്രാണ കർമ്മത്തിന്റെ ഫലങ്ങൾക്ക് അർഹരാകുവാൻ, അവിടുന്ന് നമ്മെ സഹായിക്കട്ടെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ

## സങ്കീർത്തനം 97 *ഗാനം*

*(രീതി: കർത്താവേ മമ രാജാവേ)*

**കാർമ്മി:** കർത്താവെന്നും വാഴുന്നു,
നിത്യം ഭൂമിക്കാമോദം
ആനന്ദത്തിൽ മുഴുകട്ടെ,
ദ്വീപ സമൂഹവു മനവരതം.

പാർത്തലമാകെ ഭരിച്ചീടും,
കർത്താവിൻ തിരുസന്നിധിയിൽ
മെഴുകായുരുകിയൊലിക്കുന്നു,
കൊടുമുടിയേന്തും ശൈലങ്ങൾ.

നിസ്തുലമാകും തൻ നീതി, ഉദ്ഘോഷിക്കുന്നാകാശം.
ജനതകളെല്ലാ-മവിടുത്തെ, മഹിമകൾ കണ്ടുനമിക്കുന്നു.

കർത്താവേ, നീ അഖിലാണ്ഡം,
കാത്തിടു മധിപൻ സ്തുത്യർഹൻ

എല്ലാ ദേവ ഗണങ്ങളിലും,
വല്ലഭ-നന്നതനല്ലോ നീ.

നീതിയിൽ വാഴും മാനവരേ, മോദിച്ചീടുക കർത്താവിൽ
നന്ദിയോടാ തിരുനാമത്തെ, എന്നും വാഴ്ത്തി നമിച്ചിടുവിൻ.

താതനുമതുപോ-ലാത്മജനും,
റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതല്ക്കെന്നതുപോലെ,
ആമ്മേൻ ആമ്മേ-നനവരതം.

**ശുശ്രൂഷി:** നമുക്കു പ്രാർത്ഥിക്കാം, സമാധാനം നമ്മോടു കൂടെ.

**കാർമ്മി:** കർത്താവായ ദൈവമേ, അങ്ങയുടെ ഭയഭക്തിജനകമായ പീഠത്തിന്റെയും / ഉന്നതമായ ത്രോണോസിന്റെയും / അലംകൃതവും സ്തുത്യർഹവുമായ സിംഹാസനത്തിന്റെയും മുമ്പാകെ / അങ്ങയുടെ ശുശ്രൂഷകരായ ക്രോവേന്മാർ ഇടവിടാതെ സ്തുതിക്കുകയും / സ്രാപ്പേന്മാർ പരിശുദ്ധൻ എന്ന് നിരന്തരം ഉദ്ഘോഷിക്കുകയും ചെയ്യുന്നു. അവരോടു ചേർന്ന് ഞങ്ങളും / അങ്ങേയ്ക്ക് ഭയഭക്തികളോടെ സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ

## മദ്ബഹഗീതം (ഐച്ഛികം)

*(രീതി: പുലരിയിൽ നിദ്രയുണർന്നങ്ങേ)*

**ഗായകർ: പൈതലേ, അനാദിയിലേ നിനക്കു ഞാൻ ജന്മം നല്കി**

വിണ്ണിൻ മഹിമയിൽ നിന്നുലകിൽ
വന്നുപിറന്നു തിരുവചനം
ഗോചരനല്ലാത്തവനിവിടെ,
മാനവ രൂപം കൈക്കൊണ്ടു.

അത്യുന്നതമാം സ്വർഗ്ഗത്തിൽ, വാഴും ദൂതരോടൊത്തിവരും
സ്തുതി ചെയ്തങ്ങയെ സാമോദം, വാഴ്ത്തിപ്പാടി വണങ്ങുന്നു.

ഇടയരുമൊത്തിവർ പാടുന്നു,
ഭൂവിനു ശാന്തിഭവിക്കട്ടെ
കരുണ പൊഴിക്കുക ഞങ്ങളിൽ നീ,
കന്യാതനയാ, നീ ശരണം.

**ഗായകർ: പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി, ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.**

സർവ്വചരാചര രക്ഷകനേ,
മാനവനായ് നീ കനിവോടെ

അതിനാൽ ഭൂതലമഖിലം നിൻ,
മഹിമ നിറഞ്ഞു കവിഞ്ഞല്ലോ.

രക്ഷകനാഥാ, ധരണിയിതിൽ,
പാവനമാം നിൻ സ്ലീവായാൽ
മാനവരൊന്നായ് ചേരുകയിൽ,
അജഗണമായി, തിരുസഭയായ്.

വാനവഗണവും മാനവരും, ആനന്ദത്താൽ നിറയുന്ന
സൃഷ്ടികളൊന്നായ് തിരുനാമം, ഉദ്ഘോഷിപ്പൂ സ്തുതിപാടി.

*(തീയുഴൽച്ച ഉണ്ടെങ്കിൽ ശുശ്രൂഷി തീയുഴൽച്ചയുള്ള കുന്തുരുക്കം കൊണ്ടുവരുന്നു. കാർമ്മികൻ താഴെവരുന്ന പ്രാർത്ഥന ചൊല്ലി ആശീർവ്വദിക്കുന്നു.)*

**കാർമ്മി:** കർത്താവായ ദൈവമേ, അങ്ങയുടെ ഏകജാതന്റെ തിരുപ്പിറവി ആഘോഷിക്കുന്ന ഞങ്ങൾ സമർപ്പിക്കുന്ന ഈ സുഗന്ധദ്രവ്യം + ആശീർവ്വദിക്കണമേ. അങ്ങയുടെ തിരുക്കുമാരന്റെ മനുഷ്യാവതാര ഫലങ്ങൾ ഞങ്ങളിൽ സമൃദ്ധമാകുവാൻ കൃപചെയ്യണമേ. സകലത്തിന്റെയും നാഥാ, എന്നേയ്ക്കും.

*(ശുശ്രൂഷികൾ ധൂപകലശവും കുന്തുരുക്കവും കൊണ്ടുവരുന്നു. കാർമ്മികൻ ധൂപകലശത്തിൽ കുന്തുരുക്കമിട്ട് താഴെവരുന്ന പ്രാർത്ഥനചൊല്ലി ആശീർവ്വദിക്കുന്നു.)*

**കാർമ്മി:** പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ / അങ്ങയുടെ ബഹുമാനത്തിനായി ഞങ്ങൾ സമർപ്പിക്കുന്ന ഈ ധൂപം / അങ്ങയുടെ മഹനീയ ത്രിത്വത്തിന്റെ നാമത്തിൽ + ആശീർവ്വദിക്കപ്പെടട്ടെ. ഇത് അങ്ങയുടെ പ്രസാദത്തിനും / അങ്ങയുടെ അജഗണത്തിന്റെ പാപങ്ങളുടെ മോചനത്തിനും കാരണമാകട്ടെ എന്നേക്കും.

**ശുശ്രൂഷി:** ആമ്മേൻ.

**കാർമ്മി:** ഞങ്ങളുടെ കർത്താവായ ദൈവമേ / അങ്ങയുടെ സ്നേഹത്തിന്റെ പരിമളം ഞങ്ങളിൽ വീശുകയും / അങ്ങയുടെ സത്യത്തിന്റെ ജ്ഞാനം ഞങ്ങളുടെ ആത്മാക്കളെ പ്രകാശിപ്പിക്കുകയും ചെയ്യുമ്പോൾ / സ്വർഗ്ഗത്തിൽനിന്നു പ്രത്യക്ഷനാകുന്ന / അങ്ങയുടെ തിരുക്കുമാരനെ സ്വീകരിക്കുവാൻ ഞങ്ങൾക്ക് ഇടയാകട്ടെ. സകല സൗഭാഗ്യങ്ങളും നന്മകളും നിറഞ്ഞ് മുടിചൂടി നില്ക്കുന്ന സഭയിൽ / നിരന്തരം അങ്ങയെ സ്തുതിക്കുവാനും മഹത്വപ്പെടുത്തുവാനും ഞങ്ങൾ യോഗ്യരാകട്ടെ. എന്തുകൊണ്ടെന്നാൽ അങ്ങ് എല്ലാറ്റിന്റെയും സൃഷ്ടാവാകുന്നു. സകലത്തിന്റെയും നാഥാ എന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(മദ്ബഹയുടെ **വിരിനീക്കുന്നു**. ശുശ്രൂഷി മദ്ബഹയിൽ പ്രവേശിച്ച് **ധൂപിക്കുന്നു.** എല്ലാവരും അൾത്താരയിലേക്കു തിരിഞ്ഞ് ശിരസ്സു നമിക്കുന്നു.)*

### *ഗാനം*

***(കാനോനാ) ദൈവവചനം മാംസം ധരിച്ച് മനുഷ്യരുടെ ഇടയിൽ വസിച്ചു.***

സർവ്വാധിപനാം കർത്താവേ, നിന്നെ വണങ്ങി നമിക്കുന്നു
ഈശോ നാഥാ വിനയമൊടെ, നിന്നെ നമിച്ചു പുകഴ്ത്തുന്നു.

മർത്യനു നിത്യമഹോന്നതമാ, മുത്ഥാനം നീയരുളുന്നു
അക്ഷയമവനുടെ ആത്മാവി, നുത്തമരക്ഷയുമേകുന്നു.

**ശുശ്രൂഷി:** നമുക്കു പ്രാർത്ഥിക്കാം, സമാധാനം നമ്മോടുകൂടെ.

*(കാർമ്മികൻ ജനങ്ങൾക്കുനേരെ തിരിഞ്ഞ്)*

**കാർമ്മി:** എന്റെ കർത്താവേ നീ സത്യമായും ഞങ്ങളുടെ ശരീരങ്ങളെ ഉയർപ്പിക്കുന്നവനും / ആത്മാക്കളെ രക്ഷിക്കുന്നവനും / ജീവനെ നിത്യം പരിപാലിക്കുന്നവനുമാകുന്നു. ഞങ്ങൾ എപ്പോഴും നിനക്കു സ്തുതിയും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുവാൻ കടപ്പെട്ടവരാകുന്നു / സകലത്തിന്റെയും നാഥാ എന്നേക്കും.

**സമൂഹം:** ആമ്മേൻ.

## ത്രൈശുദ്ധ കീർത്തനം

ശബ്ദമുയർത്തിപ്പാടിടുവിൻ,
സർവ്വരുമൊന്നായ്പ്പാടിടുവിൻ
എന്നെന്നും ജീവിക്കും,
സർവ്വേശ്വരനെ വാഴ്ത്തിടുവിൻ.

പരിപാവനനാം സർവ്വേശാ,
പരിപാവനനാം ബലവാനേ
പരിപാവനനാം അമർത്യനേ,
നിൻകൃപ ഞങ്ങൾക്കേകണമേ.

**ശുശ്രൂഷി:** നമുക്കു പ്രാർത്ഥിക്കാം, സമാധാനം നമ്മോടുകൂടെ.

**കാർമ്മി:** വിശുദ്ധരിൽ സംപ്രീതനായി വസിക്കുന്ന / പരിശുദ്ധനും സ്തുത്യർഹനും ബലവാനും അമർത്യനുമായ കർത്താവേ, അങ്ങയുടെ സ്വഭാവത്തിനൊത്തവിധം / എപ്പോഴും ഞങ്ങളെ കടാക്ഷിക്കുകയും അനുഗ്രഹിക്കുകയും / ഞങ്ങളോടു കരുണകാണിക്കുകയും ചെയ്യണമെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും.

**സമൂഹം:** ആമ്മേൻ.

## വായനകൾ

### ഒന്നാം വായന

**വായിക്കുന്ന ആൾ:** ഏശയ്യായുടെ പുസ്തകത്തിൽ നിന്നുള്ള വായന. *(7:10-16; 9:1-3, 6-7)*

*(കാർമ്മികനു നേരെ തിരിഞ്ഞ്)* ഗുരോ ആശീർവ്വദിക്കണമേ.

**കാർമ്മി:** ദൈവം + നിന്നെ അനുഗ്രഹിക്കട്ടെ.

*(വായന കഴിയുമ്പോൾ)*

**സമൂഹം:** ദൈവമായ കർത്താവിനു സ്തുതി.

### രണ്ടാം വായന

**വായിക്കുന്ന ആൾ:** മിഖായുടെ പുസ്തകത്തിൽ നിന്നുള്ള വായന. *(4:1-3; 5:2-5, 8-9)*

*(കാർമ്മികനു നേരെ തിരിഞ്ഞ്)* ഗുരോ ആശീർവ്വദിക്കണമേ.

**കാർമ്മി:** ദൈവം + നിന്നെ അനുഗ്രഹിക്കട്ടെ.

*(വായന കഴിയുമ്പോൾ)*

**സമൂഹം:** ദൈവമായ കർത്താവിനു സ്തുതി.

### പ്രകീർത്തനം

*(രീതി: അംബരമനവരതം ...)*

**കാർമ്മി:** സർവ്വചരാചരവും, ദൈവമഹത്വത്തെ,
വാഴ്ത്തിപ്പാടുന്നു.

**സമൂഹം:** ആത്മീയതയാൽ മധുരിതമാം
ഗീതികളാലെ മിശിഹാതൻ
തിരു ജനനത്തെ കീർത്തിക്കാം
ഹല്ലേലുയ്യാ പാടീടാം,
വാഴ്ത്തീടാം നിത്യം തിരുനാമം.

**കാർമ്മി:** തൻ മഹിമാവല്ലോ, വാനിലു-മൂഴിയിലും,
തിങ്ങി വിളങ്ങുന്നു.

**സമൂഹം:** ആത്മീയതയാൽ മധുരിതമാം ...

**കാർമ്മി:** ജനതകളവിടുത്തെ, മഹിമകൾ പാടുന്നു,
താണു വണങ്ങുന്നു.

**സമൂഹം:** ആത്മീയതയാൽ മധുരിതമാം ...

**കാർമ്മി:** നിത്യ പിതാവിനും, സുതനും റൂഹായ്ക്കും,
സ്തുതിയുണ്ടാകട്ടെ.

**സമൂഹം:** ആത്മീയതയാൽ മധുരിതമാം ...

**കാർമ്മി:** ആദിയിലെപ്പോലെ ഇപ്പൊഴുമെപ്പോഴും
എന്നേക്കും ആമ്മേൻ.

**സമൂഹം:** ആത്മീയതയാൽ മധുരിതമാം ...

**കാർമ്മി:** ഞങ്ങളുടെ കർത്താവായ ദൈവമേ / അങ്ങയുടെ ജീവദായകവും ദൈവികവുമായ / കല്പനകളുടെ മധുരസ്വരം ശ്രവിക്കുന്നതിനും ഗ്രഹിക്കുന്നതിനും / ഞങ്ങളുടെ ബുദ്ധിയെ പ്രകാശിപ്പിക്കണമെ. അതുവഴി ആത്മശരീരങ്ങൾക്കു പകരിക്കുന്ന / സ്നേഹവും ശരണവും രക്ഷയും ഞങ്ങളിൽ ഫലമണിയുന്നതിനും / നിരന്തരം ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നതിനും / അങ്ങയുടെ കാരുണ്യത്താലും അനുഗ്രഹത്താലും ഞങ്ങളെ സഹായിക്കണമെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും.

**സമൂഹം:** ആമ്മേൻ.

### ലേഖനം

**വായിക്കുന്ന ആൾ:** സഹോദരരേ, വി. പൗലോസ് ശ്ലീഹാ ഗലാത്തിയക്കാർക്കെഴുതിയ ലേഖനം. (3:15-4:6).

*(കാർമ്മികനു നേരെ തിരിഞ്ഞ്)*

ഗുരോ ആശീർവ്വദിക്കണമേ.

**കാർമ്മി:** മിശിഹാ + നിന്നെ അനുഗ്രഹിക്കട്ടെ.

*(ഒരു ശുശ്രൂഷി കത്തിച്ച തിരിയുമായി സമീപത്തു നില്ക്കുന്നു).*

*(വായന തീരുമ്പോൾ)*

**സമൂഹം:** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

## ഹല്ലേലുയ്യാ ഗീതം

ഹല്ലേലുയ്യാ പാടാമൊന്നായ്,
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.

കർത്താവരുൾ ചെയ്തെന്നോടേവം
നീയല്ലോ മമ വത്സല പുത്രൻ.

ഞാനിന്നേകി നിനക്കായ് ജന്മം,
ചോദിക്കുക നീയെന്നോടെന്തും.

ധരയുടെ യതിരുകൾ നിൻ കീഴാകും
ജനതകളഖിലം നിന്നവകാശം.

താതനു-മതുപോൽ സുതനും,
പരിശുദ്ധാത്മാവിനും സ്തുതി-യുയരട്ടെ.

ആദിമുതൽക്കേ-യിന്നും നിത്യവു,
മായി ഭവിച്ചീടട്ടെ, ആമ്മേൻ.

ഹല്ലേലുയ്യാ പാടാ-മൊന്നായ്,
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.

*(ഗാന സമയത്ത് കാർമ്മികൻ ധൂപം ആശീർവ്വദിക്കുന്നു).*

**കാർമ്മി:** എന്റെ കർത്താവേ പാപിനിയായ മറിയം നിന്റെ ശിരസ്സിൽ സുഗന്ധതൈലം പൂശിയപ്പോൾ / നിന്നിൽ നിന്നു പ്രസരിച്ച ഹൃദ്യമായ പരിമളം ഈ

ധൂപത്തോടുകൂടെ + കലരുമാറാകട്ടെ. നിന്റെ ബഹുമാനത്തിനും ഞങ്ങളുടെ കടങ്ങളുടെയും പാപങ്ങളുടെയും മോചനത്തിനുമായി ഈ ധൂപം ഞങ്ങൾ സമർപ്പിക്കുന്നു. സകലത്തിന്റെയും നാഥാ എന്നേക്കും.

**ശുശ്രൂഷി**: ആമ്മേൻ.

*(സുവിശേഷ വായനയുടെ സമയത്തു ശുശ്രൂഷി ധൂപാർച്ചന നടത്തുന്നു.)*

**ശുശ്രൂഷി:** നമുക്ക് ശ്രദ്ധാപൂർവ്വം നിന്ന് പരിശുദ്ധ സുവിശേഷം ശ്രവിക്കാം.

**കാർമ്മി:** സമാധാനം + നിങ്ങളോടു കൂടെ.

**സമൂഹം:** അങ്ങയോടും അങ്ങയുടെ ആത്മാവോടും കൂടെ.

*(കാർമ്മികൻ സുവിശേഷം വായിക്കുന്നു. രണ്ടു ശുശ്രൂഷികൾ കത്തിച്ച തിരികളുമായി കാർമ്മികന്റെ ഇരുവശവും നില്ക്കുന്നു. സഹായി മുമ്പിൽ നിന്ന് ധൂപാർച്ചന നടത്തുന്നു).*

**കാർമ്മി:** വിശുദ്ധ ലൂക്കാ *(2:1-10)* അറിയിച്ച നമ്മുടെ നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം.

**സമൂഹം:** നമ്മുടെ കർത്താവായ മിശിഹാക്കു സ്തുതി.

*(വായന തീരുമ്പോൾ)*

**സമൂഹം:** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

*(കാർമ്മികൻ ഉണ്ണീശോയുടെ രൂപത്തിന്റെ വിരി മാറ്റുന്നു. മണിയടിക്കുന്നു. എല്ലാവരും മുട്ടുകുത്തി താഴെകൊടുത്തിരിക്കുന്ന പാട്ടു പാടുന്നു. കാർമ്മികൻ രൂപം ധൂപിക്കുന്നു.)*

### ഗാനം

*(രീതി: പുലരിയിൽ നിദ്രയുണർന്നങ്ങേ ...)*

ആട്ടിടയന്മാർ മൊഴിയുകയായ്:
പോകാം ബെസ്ലേം നഗരത്തിൽ
കാണാം, വാനവ ദൂതന്മാർ
ചൊന്ന മഹാത്ഭുത മിന്നിവിടെ.

പോകുകയായവരതിവേഗം
കണ്ടു ദൈവകുമാരകനെ
കേവലമൊരു ചെറു പുൽക്കൂട്ടിൽ;
ജനനിയു മരികിൽ യൗസേപ്പും.

അറിയിക്കുകയായവരെല്ലാം
അത്ഭുത സംഭവ മൊന്നൊന്നായ്
അഖിലരെയും, സ്തുതി ഗീതികളാൽ
അതുല മഹേശനെ വാഴ്ത്തുകയായ്.

ഏറ്റു പറഞ്ഞു നമിക്കുന്നു
ഞങ്ങൾ മിശിഹാ കർത്താവേ,
ദൈവിക സത്തയു മതുപോലെ
മാനുഷ സത്തയു മൊത്തങ്ങിൽ.

*(എല്ലാവരും എഴുന്നേൽക്കുന്നു)*

--------- ***തീയുഴൽച്ച ഇല്ലെങ്കിൽ*** --------

***(ഗാനം)***

**കാർമ്മി:** അത്യുന്നതമാം സ്വർല്ലോകത്തിൽ
സർവ്വേശനു സ്തുതി ഗീതം. (3).

**സമൂഹം:** ഭൂമിയിലെങ്ങും മർത്ത്യനു ശാന്തി /
പ്രത്യാശയുമെന്നേക്കും. (3).

*(കാർമ്മികൻ ഉണ്ണീശോയുടെ രൂപം വഹിച്ചുകൊണ്ട് പ്രദക്ഷിണം ആരംഭിക്കുന്നു).*

--------- ***തീയുഴൽച്ച ഉണ്ടെങ്കിൽ*** --------

**വിജ്ഞാപനം:** അന്ധകാരത്തിൽ വസിച്ചിരുന്ന മനുഷ്യർക്ക് പ്രകാശമായിട്ടാണ്, മിശിഹാ ലോകത്തിൽ അവതരിച്ചത്. പഴയ നിയമത്തിൽ എരിയുന്ന മുൾപ്പടർപ്പിൽ പ്രത്യക്ഷനായി, ദൈവം മോശയെ വിമോചനത്തിന്റെ സദ്വാർത്ത അറിയിച്ചു. രക്ഷകന്റെ ആഗമനം എല്ലാ ബന്ധനങ്ങളിൽനിന്നും മനുഷ്യവംശത്തെ മോചിപ്പിക്കുന്നതിനു വേണ്ടിയായിരുന്നു. മനുഷ്യരെ തമ്മിൽത്തമ്മിലും ദൈവവുമായും അനുരഞ്ജിപ്പിക്കുന്ന മധ്യസ്ഥനാണ് മിശിഹാ. പാപാന്ധകാരത്തെ ഇല്ലാതാക്കുന്ന പ്രകാശമായിട്ടാണ് അവിടുന്ന് ബെത്ലഹേമിൽ ജനിച്ചതെന്ന സത്യമാണ് തീയുഴൽച്ച ശുശ്രൂഷയിലൂടെ സഭ നമ്മെ അനുസ്മരിപ്പിക്കുന്നത്. നമുക്ക് തീയുഴൽച്ചയ്ക്കായി സജ്ജമാക്കിയിരിക്കുന്ന സ്ഥലത്തേയ്ക്കു പോകാം.

*(കാർമ്മികൻ ഉണ്ണീശോയുടെ രൂപം വഹിച്ചുകൊണ്ട് തീയുഴൽച്ചയ്ക്കായി ഒരുക്കിയിരിക്കുന്ന സ്ഥലത്തേയ്ക്കു പോകുന്നു. തത്സമയം താഴെക്കാണുന്ന ഗീതം ആലപിക്കുന്നു.)*

### ഗാനം

*(രീതി: അവനീപതിയാം ...)*

ആരാധിക്കാം ദൈവകുമാരാ,
ആദിപിതാവിൻ വത്സലപുത്രാ!

ആദിമുതൽക്കേ വിനയാന്വിതനായ്
തന്നിൽ മറഞ്ഞു വസിച്ചൊരു നാഥാ!

താതനുസമനും തന്നുടെ സത്താ-
ച്ഛായയുമാകും ദൈവകുമാരാ,

വാഴ്ത്താമങ്ങയെ നിത്യം താവക
സ്നേഹ മഹത്ത്വം കീർത്തിച്ചീടാം.

തിരുവചനം നീ ദാസനു സമനായ്
ശൂന്യതയാക്കീ സ്വയമേ മന്നിൽ!

തനയൻ വഴിയായ് നമ്മോടെന്നും
സംഭാഷിക്കും താതനെ വാഴ്ത്താം.

ഇടയരൊടൊപ്പം ഞങ്ങളുമങ്ങേ-
ക്കർപ്പിക്കട്ടെ കാഴ്ചകളെല്ലാം.

## 2

*(രീതി: പുലരിയിൽ നിദ്ര ...)*

ആരാധിക്കാം സന്നിധിയിൽ
ആദി പിതാവിൻ പ്രിയസൂനോ,
താതനിലങ്ങു വസിച്ചല്ലോ
ആദിമുതൽക്കേ വിനയമൊടേ.

താതനു സമനാണങ്ങെന്നും
സത്തയിലൊന്നാണതുപോലെ,
വാഴ്ത്താമങ്ങയെ സാമോദം
സ്നേഹ മഹത്ത്വം കീർത്തിക്കാം.

ദാസനു സമനായ്-ത്തീർന്നു നീ
മാനവ രൂപമെടുക്കുകയാൽ,
പുത്രൻ വഴിയായ് ഭാഷിപ്പൂ
നരരോടെന്നും സകലേശൻ.

ഇടയരൊടൊപ്പം പുൽക്കുടിലിൽ
ഞങ്ങളുമങ്ങയെ വാഴ്ത്തട്ടെ
ജ്ഞാനികളൊപ്പം കാൽത്താരിൽ
തിരുമുക്കാഴ്ച-യണയ്ക്കട്ടെ.

*(തീയുഴൽച്ചയ്ക്കായ് ഒരുക്കിയ സ്ഥലത്ത് എത്തിയശേഷം)*

**കാർമ്മി:** എരിയുന്ന മുൾപ്പടർപ്പിൽ മോശയ്ക്കു പ്രത്യക്ഷനായ ദൈവമേ, പാപ മാലിന്യങ്ങളിൽനിന്ന് ഞങ്ങളെ ശുദ്ധീകരിക്കണമേ. കാലത്തിന്റെ പൂർണ്ണതയിൽ, ലോകത്തിന്റെ പ്രകാശമായി കന്യകയിൽനിന്ന് ജാതനായ അങ്ങയുടെ തിരുക്കുമാരന്റെ ജനനത്തിരുനാളിൽ സന്തോഷിക്കുന്ന ഞങ്ങളെ പ്രകാശത്തിന്റെ മാർഗ്ഗത്തിലൂടെ നയിക്കണമേ. നിത്യപ്രകാശമായ അങ്ങയുടെ പ്രമാണങ്ങളിൽ വ്യാപരിക്കുവാനും ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവുമായി ജീവിക്കുവാനും ഞങ്ങളെ സഹായിക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(കാർമ്മികൻ കുഴിയുടെ മൂന്നു കോണുകളിലും തീ കൊളുത്തുന്നു. തീ കൊളുത്തുന്ന ഓരോ പ്രാവശ്യവും താഴെക്കാണുന്ന ഗാനം ആലപിക്കുന്നു).*

### *(ഗാനം)*

**കാർമ്മി:** അത്യുന്നതമാം സ്വർല്ലോകത്തിൽ
സർവ്വേശനു സ്തുതി ഗീതം. (3).

**സമൂഹം:** ഭൂമിയിലെങ്ങും മർത്ത്യനു ശാന്തി
പ്രത്യാശയുമെന്നേക്കും. (3).

**കാർമ്മി:** *(ആശീർവ്വദിച്ച കുന്തുരുക്കത്തിന്റെ ഏതാനും തരികൾ തീയിൽ ഇട്ടുകൊണ്ടു ചൊല്ലുന്നു).* കർത്താവായ മിശിഹായേ, ഞങ്ങൾ സമർപ്പിക്കുന്ന ഈ ധൂപം നിന്റെ പക്കലേക്കുയരട്ടെ. ഇതു നിന്നിൽനിന്നു കൃപയും അനുഗ്രഹവും സമൃദ്ധമായി ലഭിക്കുവാൻ ഞങ്ങൾക്കു കാരണമാകുകയും ചെയ്യട്ടെ.

**സമൂഹം:** ആമ്മേൻ.

*(കാർമ്മികൻ ഉണ്ണീശോയുടെ രൂപം വഹിച്ചുകൊണ്ട് അഗ്നിയെ മൂന്നു പ്രാവശ്യം വലം വയ്ക്കുന്നു. തുടർന്നു ശുശ്രൂഷികളും ജനങ്ങളും കുന്തുരുക്കം തീയിലിടുന്നു. എല്ലാവരും പ്രദക്ഷിണമായി ദൈവാലയത്തിലേക്കു പോകുന്നു.)*

### --- പ്രദക്ഷിണ ഗീതങ്ങൾ ---

1

ഉണ്ണി പിറന്നു ബെത്ലഹെമിൽ, വന്ദനമരുളാൻ വന്നിടുവിൻ
നിർമ്മല മോദമലിഞ്ഞൊഴുകും, മംഗളഗാനം പാടിടുവിൻ.
ഉണ്ണി പിറന്നു ...

പാതിരാവിൻ പനിനീരിൽ, പൂനിലാവിൻ പുഞ്ചിരിയിൽ
നീല വാനിലെ സുരദീപം, താണിറങ്ങി വരുന്നുലകിൽ.
ഉണ്ണി പിറന്നു ...

വിണ്ണിലീശനു കീർത്തനവും, മന്നിൽ മാനവനാശകളും
നേർന്നു വാനവ ദൂതന്മാർ, ചേർന്നു ഗീതികൾ പാടുന്നു.
ഉണ്ണി പിറന്നു ...

നവ്യ താരമുദിക്കുന്നു, നവ്യകാന്തി പരക്കുന്നു
നാഥനർച്ചന ചെയ്തിടുവാൻ, നാട്ടുവാഴികളണയുന്നു.
ഉണ്ണി പിറന്നു ...

ആർത്തരായ് നരരക്ഷകനെ, കാത്തുകാത്തു കഴിക്കുമ്പോൾ
പാർത്തലത്തിനു പൂംപുളകം, ചാർത്തിയെത്തിയ സന്ദേശം.
ഉണ്ണി പിറന്നു ...

2

ശാന്തരാത്രി തിരുരാത്രി
പുൽക്കുടിലിൽ പൂത്തൊരു രാത്രി
വിണ്ണിലെ താരകൾ ദൂതുമായിറങ്ങിയ
മന്നിൻ സമാധാന രാത്രി

ഉണ്ണി പിറന്നു ഉണ്ണിയേശു പിറന്നു
ശാന്തരാത്രി ...

ദാവീദിൻ പട്ടണം പോലെ
പാതകൾ ഞങ്ങളലങ്കരിച്ച
വീഞ്ഞു പകരുന്ന മഞ്ഞിൽ മുങ്ങി
എന്നും മനസ്സുകൾ പാടി
ഉണ്ണി പിറന്നു ... ഉണ്ണിയേശു പിറന്നു (2)
ശാന്തരാത്രി ...

കുന്തിരിക്കത്താലെഴുതി
സന്ദേശഗീതത്തിൻ പൂവിടർത്തി
ദൂരെനിന്നായിരമഴകിൻ കൈകൾ
ആശംസകൾ പാടി
ഉണ്ണി പിറന്നു ... ഉണ്ണിയേശു പിറന്നു
ശാന്തരാത്രി ...

3

സ്വർഗകവാടം തുറന്നു
ഇന്നു ദൈവം മനുഷ്യനായ് വന്നു (2)
കന്യകമേരിതൻ ഓമന പുത്രനായ്
ബേദ് ലഹേമിൽ പിറന്നു (2)
ഉണ്ണിപിറന്നു യേശുപിറന്നു (2)
സ്വർഗ....(1)

അത്യുന്നതങ്ങളിൽ ആ മഹത്വം
ഭൂമിയിൽ മർത്യനുശാന്തി (2)
ചേറ്റിൽ കിടന്നതാം നമ്മേ
കോരിയെടുക്കുവാനായി (2)
സ്വർഗസൗഭാഗ്യം വെടിഞ്ഞ്
കാലിതൊഴുത്തിൽ പിറന്നു (2)

അത്യുന്നതങ്ങളിൽ ആ മഹത്വം
ഭൂമിയിൽ മർത്യനുശാന്തി (2) ലലല
മാലാഖമാരുടെ വൃന്ദം
വാനത്തു ഗാനം മുഴക്കി (2)
ഇന്നു ഭുവിൽ നമുക്കായ്
ഓമന കുഞ്ഞു പിറന്നു (2)

അത്യുന്നതങ്ങളിൽ ആ മഹത്വം
ഭൂമിയിൽ മർത്യനുശാന്തി (2) ലലല
വാനിലുദിച്ചൊരു താരം
പാതകർക്കേകി വെളിച്ചം (2)
പാതതെളിച്ചു നയിച്ചു
ബേദ് ലഹേം പുല്ക്കൂട്ടിൽ (2)
സ്വർഗം (2) കന്യക (2) ഉണ്ണി
സ്വർഗ (1) അത്യു (2)

*(പ്രദക്ഷിണത്തിന്റെ അവസാനം ഉണ്ണീശോയുടെ രൂപം കാർമ്മികൻ പുൽക്കൂട്ടിൽ സ്ഥാപിച്ച് ധൂപിക്കുന്നു.)*

*(**പ്രസംഗം.** എല്ലാവരും ഇരിക്കുന്നു. കാറോസൂസായുടെ സമയത്ത് എല്ലാവരും നില്ക്കുന്നു).*

## കാറോസൂസാ

***(സാധാരണ കുർബ്ബാനപുസ്തകം പേജ് 83 മുതൽ ഉപയോഗിക്കുക).***

## ദിവ്യരഹസ്യഗീതം *(കാഴ്ചവെയ്പ്പു ഗീതം)*

*(രീതി: മിശിഹാ കർത്താവിൻ തിരുമെയ്...)*

***കർത്താവിനു പുതിയ കീർത്തനം പാടുവിൻ***
ദിവ്യമഹത്ത്വത്താൽ, കതിരുകൾ നിറയുകയാൽ
ലോകം പ്രഭയാർന്നു
രാജാവാകും ദൈവസുതൻ, പാരിൽ വന്നു പിറന്നപ്പോൾ
മോദം ഭുവിൽ തിരതല്ലീ, വാനവവൃന്ദം സ്തുതിപാടി
നവശാന്തി ചുറ്റും ചിറകാർന്നു

***ഭൂമിയും അതിലെ നിവാസികളും***
മാനവരൂപത്തിൽ, വന്നുപിറന്നല്ലോ
ദൈവത്തിൻ തനയൻ
ഉന്നതവീഥിയിൽ സ്തുതിഗീതം
നിത്യപിതാവിനു ചിരകാലം
ജനതകളെല്ലാം വാഴ്ത്തുന്നു, കീർത്തനഗീതം പാടുന്നു
മോദമോടേ മന്നിൽ കൃപയാകാൻ.

## ദിവ്യകാരുണ്യ ഗീതവും അനുഗീതവും

*(രീതി: ഹല്ലേലൂയ്യ പാടീടുന്നേൻ...)*

വരുവിൻ നിത്യനിഗൂഢരഹസ്യം
കൈക്കൊള്ളാമതി നിർമ്മലരായ് നാം

പാപവിമോചക ഭോജ്യമതെന്നും
ഹല്ലേലൂയ്യാ, ഹല്ലേലൂയ്യാ.

**കാർമ്മി:** നമ്മെ ജീവിപ്പിക്കുന്ന കർത്താവീശോമിശിഹായുടെ കൃപാവരം / അവിടുത്തെ കാരുണ്യത്താൽ നാമെല്ലാവരിലും + സമ്പൂർണ്ണമാകട്ടെ *(ജനങ്ങളെ ആശീർവ്വദിക്കുന്നു).*

**സമൂഹം:** എപ്പോഴും എന്നേക്കും ആമ്മേൻ.

കന്യകനല്കീ പുത്രനു ജന്മം
എമ്മനുവേലായ് ത്തീർന്നവനിവിടെ

എന്തെന്നാൽ തിരുരക്ഷകനല്ലോ
ജാതൻ വരുവിൻ, ഹല്ലേലൂയ്യാ.

## ദിവ്യകാരുണ്യ സ്വീകരണഗീതങ്ങൾ

*(രീതി: ഹല്ലേലൂയ്യ പാടീടുന്നേൻ)*

തിരുജനനത്താൽ സൃഷ്ടികളെല്ലാം
ധന്യതനേടി, യനുഗ്രഹമാർന്നു.

നിത്യപിതാവിനു സ്തോത്രം പാടാൻ
നിരയായ് ഞങ്ങൾ വന്നണയുന്നു.

വാനവദൂതർ പാടും സ്തുതികൾ
വിണ്ടലമെങ്ങും കേൾക്കുകയല്ലോ.

കർത്താവേ, നീ സ്വർഗ്ഗവുമായി
ഭൂമിയെ ശാന്തിയിലൊന്നാക്കുന്നു.

കണ്ണുകൾ കണ്ടു, സ്ഫുടമായ് നാഥനെ
വാനവദൂതർ വാഴ്ത്തി നമിപ്പൂ.

താവക പീഡാസഹനം പാവന-
മോർമ്മിപ്പിപ്പൂ ദിവ്യശരീരം.

അത്ഭുതകരമാം സംഭവനിരകൾ
തിരു ജനനത്തിൽ കാണ്മൂ ഞങ്ങൾ.

ഉന്നതവീഥിയിൽ ശാന്തി ജഗത്തിൽ
ഉത്തമ മർത്യർക്കെല്ലാം മോദം.

അനുരഞ്ജിതമായ് നിന്നിൽധരയും
സ്വർഗവുമൊരുപോൽ തിരു ജനനത്താൽ.

2

പൈതലാം യേശുവേ, ഉമ്മവച്ചുമ്മവച്ചുണർത്തിയ
ആട്ടിടയർ ഉന്നതരേ, നിങ്ങൾതൻ ഹൃത്തിൽ
യേശു നാഥൻ പിറന്നു
ലാലലാ ...

താലപ്പൊലിയേകാൻ, തംബുരുമീട്ടുവാൻ
താരാട്ടുപാടിയുറക്കീട്ടുവാൻ
താരാഗണങ്ങളാ ലാഗതരാകുന്നു
വാനാരൂപികൾ ഗായക ശ്രേഷ്ഠർ

ഉള്ളിൽ തിരതല്ലും മോദത്തോടെത്തും
പാരാകെ പ്രേക്ഷകർ നിരനിരയായ്
നാകാധി നാഥനായ് വാഴുമെന്നീശനായ്
ഉണർവോടേകുന്നെൻ ഉൾത്തടം ഞാൻ

3

പുതിയൊരു പുലരി വിടർന്നു മന്നിൽ
പുതിയൊരു ഗാനമുയർന്നൊഴുകി
ഇന്നല്ലോ ഇന്നല്ലോ വിണ്ണിന്റെ നാഥനെ
മന്നിൽ പിറന്നൊരു മംഗള സുദിനം
പിറന്നൊരു മംഗള സുദിനം
ആഹാ ഹാ ആഹാ ഹാ ആഹാ ആഹാ ഹാ

മണ്ണിന്റെ ശാപം അകറ്റിടാനായ്
ദൈവം തൻ സൂനുവേ നല്കിയല്ലോ
ബേത് ലഹേമിലൊരു ഗോശാല തന്നിൽ താൻ
ജാതനായ് വന്നിടുന്നു
പുതിയൊരു ...

മന്നവർ പാടുന്ന നവ്യഗാനം
മാനവരൊന്നായ് പാടിടട്ടേ
അത്യുന്നതങ്ങളിൽ സ്തോത്രം മഹേശനു
പാരിൽ ശാന്തി മാനവർക്ക്
പുതിയൊരു ...

## കൃതജ്ഞത-സമാപന പ്രാർത്ഥനകൾ

**കാർമ്മി:** കർത്താവായ ദൈവമേ, സകല മനുഷ്യ സങ്കല്പങ്ങൾക്കും അതീതമായി ദൈവപുത്രനായ മിശിഹാ ഒരു ശിശുവായി പുൽതൊട്ടിയിൽ പിറന്നുവല്ലോ. ഞങ്ങൾ അർപ്പിച്ച ഈ ബലിയിൽ അവിടുന്ന് സ്വയം മറച്ച്, അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യത്തിൽ തന്നെത്തന്നെ നല്കിയതിനെ ഓർത്ത് ഞങ്ങൾ നന്ദി പറയുന്നു. എളിയ സാഹചര്യങ്ങളിൽപ്പോലും അങ്ങയുടെ സാന്നിധ്യം അന്വേഷിക്കുവാനും വിവേചിച്ചറിയുവാനുമുള്ള ഉൾക്കാഴ്ച ഞങ്ങൾക്കു പ്രദാനം ചെയ്യണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ. കർത്താവേ, ആശീർവ്വദിക്കണമേ.

**കാർമ്മി:** കർത്താവായ മിശിഹായേ, മനുഷ്യാവതാരംവഴി മനുഷ്യവർഗത്തെ ആനന്ദിപ്പിച്ചതിന് നിനക്കു ഞങ്ങൾ നന്ദി പറയുന്നു. തിരുപ്പിറവിയുടെ സദ്വാർത്ത കേട്ട് ആനന്ദിക്കുവാനും അത് അറിയിക്കുവാനും എളിയവരായ ആട്ടിടയന്മാരെ നീ അനുഗ്രഹിച്ചുവല്ലോ. ഈ സദ്വാർത്ത ആഴത്തിൽ ഉൾക്കൊണ്ട് ലോകത്തെ അറിയിക്കുവാൻ ഞങ്ങൾക്ക് അനുഗ്രഹം നല്കണമേ. സ്വർഗീയ ഗണങ്ങളോട് ചേർന്ന് "അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി" എന്ന് നിരന്തരം പാടി സ്തുതിക്കുവാൻ ഞങ്ങൾക്കിടയാകട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ

## സമാപനാശീർവാദം

*(രീതി: കർത്താവാം മിശിഹാവഴിയായ്...)*

പൂർവപിതാക്കൾ ക്കരുളുകയായ്
വിവിധ തരത്തിൽ, കാലത്തിൽ

പ്രവചന മഖിലം, സമയത്തിൻ
തികവിൽ തിരുസുതനാഗതനായ്.

പാപത്തിൻ മതിൽ നീക്കുകയും
പരമാനന്ദം നല്കുകയും
കനിവൊടു ചെയ്തതിനാദരവായ്
കരുണാത്രുപനെ വാഴ്ത്തീടാം.

**സമൂഹം:** ആമ്മേൻ

ഇന്നീ ബലിയിലണഞ്ഞീടാൻ
കഴിയാത്തവരിൽ കർത്താവിൻ
കൃപയുണ്ടാകണമെന്നാളും
ദിവ്യാനുഗ്രഹ മതുപോലെ

പരിപാവനമീയാഗത്തിൽ
പങ്കാളികളായ് തീർന്നവരിൽ
തിരുജനനം വരമരുളട്ടെ +
ഇപ്പൊഴുമെപ്പൊഴുമെന്നേക്കും

**സമൂഹം:** ആമ്മേൻ

***അല്ലെങ്കിൽ***

**കാർമ്മി:** പൂർവകാലങ്ങളിൽ പ്രവാചകന്മാർവഴി വിവിധ ഘട്ടങ്ങളിലും വിവിധ രീതികളിലും നമ്മുടെ പിതാക്കന്മാരോടു സംസാരിക്കുകയും, സമയത്തിന്റെ പൂർണ്ണതയിൽ തന്റെ പുത്രനെ അയയ്ക്കുകയും ചെയ്ത ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. പാപത്തിന്റെ ദാസ്യത്തിൽനിന്നു മോചിപ്പിച്ച് ആന്തരികമായ ആനന്ദവും സമാധാനവും ഈ തിരുന്നാളിൽ ഞങ്ങൾക്കു നല്കിയ കർത്താവേ, അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. അങ്ങയുടെ സമാധാനം ഞങ്ങളിൽ ശാശ്വതമായി നിലനിർത്തണമേ. സഹോദരരേ, ഈ തിരുക്കർമ്മങ്ങളിൽ പങ്കെടുത്ത നിങ്ങൾ ഓരോരുത്തരിലും ഇതിൽ പങ്കെടുക്കാൻ സാധിക്കാത്ത നിങ്ങളുടെ പ്രിയപ്പെട്ടവരിലും കർത്താവിന്റെ കൃപയും അനുഗ്രഹവും സമൃദ്ധമായി ഉണ്ടാകുമാറാകട്ടെ. സകല ജനങ്ങൾക്കും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത നിങ്ങൾക്കും കർത്താവിനെ അറിയാത്തവർക്കും ലഭിക്കുമാറാകട്ടെ. ഇപ്പോഴും + എപ്പോഴും എന്നേക്കും.

**സമൂഹം:** ആമ്മേൻ

## രൂപം വണങ്ങുമ്പോൾ

1

ജെറൂസലേമിൻ നായകനെ വാഴ്ത്തുവിൻ
നിത്യമഹോന്നത നാഥനെ വാഴ്ത്തുവിൻ
ദൈവത്തിൻ പ്രിയ ജാതനു
തപ്പുകൾ തമ്പുരു വീണകളാൽ
കീർത്തനങ്ങൾ പാടി വാഴ്ത്തുവിൻ (2)

കർണ്ണമനോഹര രാഗം പകരും ഗീതിയാൽ
വാനവദൂതർ വാനിൽ സ്തുതികൾ പാടുന്നു (2)
വാനവരൊത്തു മാനവരും
ദൈവത്തിൻ തിരുസന്നിധിയിൽ
ഹല്ലേലൂയ പാടി വാഴ്ത്തുവിൻ
ജറൂസലേമിൻ.......

മഞ്ജുള മോഹന കീർത്തനം പാടി പോക നാം
രക്ഷകനാം ശ്രീയേശുവിൻ സ്നേഹദൂതുമായ് (2)
സുവിശേഷത്തിൻ സാക്ഷികളായ്
ലോകത്തിൻ പൊൻ ദീപമായ്
ഏകിടുവിൻ നൽ ക്രിസ്തുവിൻ സന്ദേശം (2)
ജെറൂസലേമിൻ.....

2

രാജാധി രാജൻപിറന്നു
സ്വർഗീയ വാതിൽതുറന്നു (2)
ഉണ്ണിയേശുവേ കാണാൻ
പോകാം നാമൊന്നായി (2)
വിണ്ണിൻ താരം കിഴക്കുദിച്ചു മിന്നും താരകം
മണ്ണിൻ ദീപം മിന്നിവിളങ്ങി മിന്നാമിന്നിയായ് (2)

ലോകരക്ഷകൻ പിറന്നദിനം
ഇന്നുലോകം ഘോഷിക്കും സുദിനം (2)
മാലാഖമാരോടു ചേർന്നുപാടി
മഹത്വം നല്കി വണങ്ങീടാം (2)
ഗ്ലോറിയ ഹാലേലൂയ
വിണ്ണിൻ താരം കിഴക്കുദിച്ചു മിന്നും താരകം
മണ്ണിൻ ദീപം മിന്നിവിളങ്ങി മിന്നാമിന്നിയായ് (2)

ദൂതർ പാടിയ നവ്യഗാനം
ഇന്നു പാരിലെ മനുജരിൽ ഗീതം (2)
മാനവർക്കാമോദ മഹോത്സവം
വാനിൽ പുതിയ സംഗീതം (2)
ഗ്ലോറിയ ഹാലേലൂയ.

രാജാധി രാജൻപിറന്നു ...

# വർഷാവസാന പ്രാർത്ഥന

*(നന്ദിയും അനുതാപവും)*

## പ്രാരംഭ ഗാനം

ദൈവകുമാരൻ കാൽവരിക്കുന്നിൽ
ബലിയണച്ചു സ്വയം ബലിയണച്ചു
പറുദീസാ നരനു തുറന്നിടാനായ്
ബലിയണച്ചു സ്വയം ബലിയണച്ചു.

സൗഭാഗ്യ ദായകമാം ധർമ്മയാഗം
വീണ്ടുമിതാ പീഠത്തിലർപ്പിക്കുന്നു

പാപങ്ങൾ കഴുകിടുമാ ദിവ്യയാഗം
വീണ്ടുമിതാ പീഠത്തിലർപ്പിക്കുന്നു.

ദൈവകുമാരൻ ...

സർവ്വേശാ പാവനമീ പൂജയാലെ
ഞങ്ങൾക്കു ജീവൻ പകർന്നിടേണം
മൂതരിൽ പ്രകാശം പരത്തിടേണം
നവശാന്തി ഭുവിൽ വിതച്ചിടേണം.

ദൈവകുമാരൻ ...

## സ്നേഹത്തിന്റെ കല്പന *(ഗാനം)*

**കാർമ്മി:** (ഗാനം)

സ്വർഗ്ഗസ്ഥിതനാം താതാ നിൻ, നാമം പൂജിതമാകണമേ
നിൻ രാജ്യം വന്നീടണമേ, പരിശുദ്ധൻ നീ പരിശുദ്ധൻ.

**സമൂഹം:** *(രണ്ടു ഗണമായി ഇടരുന്നു).*

സ്വർഗ്ഗസ്ഥിതനാം താതാനിൻ,
സ്തുതിതൻനിസ്തുല മഹിമാവാൽ
ഭൂസ്വർഗ്ഗങ്ങൾ നിറഞ്ഞു സദാ,
പാവനമായി വിളങ്ങുന്നു.

വാനവ മാനവ വൃന്ദങ്ങൾ, ഉദ്ഘോഷിപ്പൂ സാമോദം
പരിശുദ്ധൻ നീ എന്നെന്നും, പരിശുദ്ധൻ നീ പരിശുദ്ധൻ.

സ്വർഗ്ഗസ്ഥിതനാം താതാ നിൻ,
നാമം പൂജിതമാകണമേ
നിൻ രാജ്യം വന്നീടണമേ,
നിൻ ഹിതമിവിടെ ഭവിക്കണമെ.

സ്വർഗ്ഗത്തെന്നതുപോലുലകിൽ,
നിൻ ചിത്തം നിറവേറണമേ
ആവശ്യകമാ മാഹാരം,
ഞങ്ങൾക്കിന്നരുളീടണമേ.

ഞങ്ങൾ കടങ്ങൾ പൊറുത്തതുപോൽ,
ഞങ്ങൾക്കുള്ള കടം സകലം
പാപത്തിൻ കട ബാദ്ധ്യതയും,
അങ്ങു കനിഞ്ഞു പൊറുക്കണമേ.

ഞങ്ങൾ പരീക്ഷയിലൊരുനാളും,
ഉൾപ്പെട്ടുവാനിടയാകരുതേ
ദുഷ്ടാരൂപിയിൽ നിന്നെന്നും,
ഞങ്ങളെ രക്ഷിച്ചരുളണമേ.

എന്തെന്നാലെന്നാളേക്കും, രാജ്യം ശക്തിമഹത്വങ്ങൾ
താവകമല്ലോ കർത്താവേ, ആമ്മേനാമ്മേനെന്നേക്കും.

**ശുശ്രൂഷി:** നമുക്കു പ്രാർത്ഥിക്കാം സമാധാനം നമ്മോടു കൂടെ.

**കാർമ്മി:** കാരുണ്യവാനും സ്നേഹനിധിയുമായ ദൈവമേ, ഈ വർഷത്തിന്റെ അവസാനം കാണുവാൻ ഞങ്ങളെ അനുവദിച്ചതിന് ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. കടന്നു പോകുന്ന ഈ വർഷത്തിൽ അങ്ങു ഞങ്ങൾക്കു നല്കിയ എല്ലാ അനുഗ്രഹങ്ങൾക്കും അങ്ങയോടു ഞങ്ങൾ നന്ദി പറയുന്നു. ഈ വർഷം നഷ്ടമാക്കിയ ദിവ്യപ്രേരണകളെയും ചെയ്തുപോയ പാപങ്ങളെയുംകുറിച്ച് ഞങ്ങൾ പശ്ചാത്തപിക്കുന്നു. ഈ കൃതജ്ഞതാ ബലി യോഗ്യതാപൂർവ്വം അർപ്പിക്കുവാൻ ഞങ്ങളെ സഹായിക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ

## *സങ്കീർത്തനം* (നന്ദി പ്രകടനം)

**കാർമ്മി:** കർത്താവേ അങ്ങയോടു നന്ദി പറയുവാനും
അങ്ങേ നാമം പുകഴ്ത്തുവാനും / ഞങ്ങൾ കടപ്പെട്ടവരാകുന്നു.

*(രണ്ടു ഗണമായി ഇടരുന്നു).*

കർത്താവേ അങ്ങയോടു നന്ദി പറയുവാനും
അങ്ങേ നാമം പുകഴ്ത്തുവാനും / ഞങ്ങൾ കടപ്പെട്ടവരാകുന്നു.

ഓരോ ദിവസവും പ്രഭാതത്തിൽ
ഞാൻ അങ്ങേ കാരുണ്യം പ്രകീർത്തിക്കും.
സന്ധ്യാകാലത്ത് അങ്ങേ വിശ്വസ്തതയും.

വീണയും കിന്നരവും കൊണ്ട്
അങ്ങുന്ന് എന്നെ സന്തോഷിപ്പിച്ചു.
അവയിൽ ഞാൻ ആനന്ദിക്കുന്നു.

അങ്ങേ പ്രവർത്തികൾ എത്ര ഉൽകൃഷ്ടമാകുന്നു.
അങ്ങേ ചിന്തകൾ എത്ര അഗാധവുമാകുന്നു.

മൂഢനായ മനുഷ്യൻ അതറിയുന്നില്ല.
ഭോഷന്മാർക്ക് അതു ദുർഗ്രഹവുമാകുന്നു.

പാപികൾ പച്ചപ്പുല്ലുപോലെ തഴച്ചു വളരുന്നുണ്ടാകും.
ദുഷ്ടന്മാർ വിടർന്നു പുഷ്പിക്കുന്നുണ്ടാവും.

അവർ നീങ്ങുന്നത് നാശത്തിലേയ്ക്കാകുന്നു.
അങ്ങ് എന്നേയ്ക്കും അത്യുന്നതനാകുന്നു.

ഭൂവാസികളെ ദൈവത്തെ സ്തുതിക്കുവിൻ.
അവിടുത്തെ നാമത്തിനു കീർത്തനം പാടുവിൻ.

അത്ഭുതകരമായ പല കാര്യങ്ങളും
അവിടുന്നു മനുഷ്യർക്കു വേണ്ടി ചെയ്തിട്ടുണ്ട്.

അവിടുന്നു നമുക്ക് ജീവൻ നല്കി.
നമ്മുടെ കാലുകൾ വഴുതിപ്പോകുവാൻ
അവിടുന്ന് അനുവദിക്കയില്ല.

വെള്ളി പരിശോധിക്കുന്നതുപോലെ
ഞങ്ങളെ അവിടുന്നു പരിശോധിച്ചു.

ഞങ്ങളെ വലയിൽ അകപ്പെടുത്തുകയും
പീഡകൾക്ക് ഇരയാക്കുകയും ചെയ്തു.

തീയിലും വെള്ളത്തിലുംകൂടി
അങ്ങുന്നു ഞങ്ങളെ നടത്തി.

എങ്കിലും അതിന്റെ എല്ലാം അവസാനം
ആനന്ദത്തിലേയ്ക്കു ഞങ്ങളെ ആനയിച്ചു.

കൈകൾ നിറയെ കാഴ്ചകളുമായി
അങ്ങേ ഭവനത്തിലേയ്ക്ക് ഞങ്ങൾ വരുന്നു.

എന്റെ ആത്മാവേ കർത്താവിനെ വാഴ്ത്തുക.
അവിടുത്തെ അനുഗ്രഹങ്ങൾ മറക്കരുതെ.

നിന്റെ പാപങ്ങൾ അവിടുന്നു പൊറുക്കുന്നു.
നിന്റെ രോഗങ്ങൾ സുഖമാക്കുന്നു.

അവിടുന്നു പാപത്തിന്റെ ഗൗരവം നോക്കുന്നില്ല.
അതിന്റെ വലുപ്പമനുസ്സരിച്ചു ശിക്ഷിക്കുന്നുമില്ല.

ആകാശത്തോളം ഉയരുന്ന കാരുണ്യം
അവിടുന്നു തന്റെ ഭക്തരോടു പ്രദർശിപ്പിച്ചു.

ഉദയത്തെ അസ്തമയത്തിൽ നിന്നെന്നപോലെ
പാപത്തെ നമ്മിൽനിന്നകറ്റി.

പിതാവു മക്കളോടെന്നപോലെ
കർത്താവു തന്റെ ഭക്തരോടു കാരുണ്യം കാണിക്കുന്നു.

നമ്മൾ കേവലം പൊടിയാണെന്ന്
അവിടുന്ന് അറിയുന്നുണ്ടല്ലോ.

മനുഷ്യജീവിതം പുൽക്കൊടിക്കു തുല്യമാകുന്നു.
വയലിലെ പുഷ്പം പോലെ അതു വിരിയുന്നു.

ചുടുകാറ്റടിക്കുമ്പോൾ അതു വാടിപ്പോകുന്നു.
അതു നിന്നിരുന്ന സ്ഥലവും അജ്ഞാതമായിത്തീരുന്നു.

കർത്താവിനെ സ്നേഹിക്കുന്നവരുടെ മേൽ
അവിടുത്തെ അനുഗ്രഹമുണ്ടായിരിക്കും.

അങ്ങേയ്ക്ക് ആയിരം വത്സരങ്ങൾ
അസ്തമിച്ചൊരു ദിവസം പോലെയും
രാത്രിയുടെ ഒരു യാമം പോലെയുമാകുന്നു.

ലോകത്തിൽ മനുഷ്യന്റെ ജീവിതം
കിനാവു പോലെ കടന്നുപോകുന്നു.

ഹൃദയവിജ്ഞാനം പ്രാപിക്കുവാനായി
ഞങ്ങളുടെ ആയുസ്സിന്റെ ഹ്രസ്വത
ഞങ്ങൾക്കു മനസ്സിലാക്കിത്തരണമേ.

കർത്താവെ അങ്ങേ തിരുനാമം
ഭൂമിയിൽ എത്ര മഹനീയമാകുന്നു.

അങ്ങുന്നു മനുഷ്യനെ ഓർക്കുവാനോ
അവനെ സന്ദർശിക്കുവാനോ
അവനെന്തു യോഗ്യതയുണ്ട്.

മാലാഖയിൽ നിന്നു വലിയ ഭേതമില്ലാതെ
അവനെ അങ്ങുന്നു സൃഷ്ടിച്ചു.

മഹിമയും ബഹുമാനവും കൊണ്ട്
അങ്ങുന്നു അവരെ അലങ്കരിച്ചു.

അങ്ങേ സകല സൃഷ്ടികളുടെയും മേൽ
അവന് അധികാരം കൊടുത്തു.

നല്ലവനായ കർത്താവിനെ സ്തുതിക്കുവിൻ.
അത്യുന്നതനായ ദൈവത്തെ സ്തുതിക്കുവിൻ.

എന്തുകൊണ്ടെന്നാൽ,
അവിടുത്തെ കാരുണ്യം അനന്തമാകുന്നു.

തന്റെ അനന്തമായ ജ്ഞാനത്താൽ
ആകാശം സൃഷ്ടിച്ചവനെ സ്തുതിക്കുവിൻ.

എന്തുകൊണ്ടെന്നാൽ
അവിടുത്തെ കാരുണ്യം അനന്തമാകുന്നു.

പകലിനെ ഭരിക്കുവാൻ വേണ്ടി
സൂര്യനെ സൃഷ്ടിച്ചവനെ സ്തുതിക്കുവിൻ.

എന്തുകൊണ്ടെന്നാൽ
അവിടുത്തെ കാരുണ്യം അനന്തമാകുന്നു.

രാത്രിയെ ഭരിക്കുവാൻ വേണ്ടി
ചന്ദ്രതാരങ്ങളെ സൃഷ്ടിച്ചവനെ സ്തുതിക്കുവിൻ.

എന്തുകൊണ്ടെന്നാൽ
അവിടുത്തെ കാരുണ്യം അനന്തമാകുന്നു.

നമ്മുടെ സങ്കടകാലങ്ങളിൽ
നമ്മെ ഓർത്തവനെ സ്തുതിക്കുവിൻ.

എന്തുകൊണ്ടെന്നാൽ
അവിടുത്തെ കാരുണ്യം അനന്തമാകുന്നു.

നമ്മുടെ ശത്രുക്കളിൽ നിന്നെല്ലാം
നമ്മെ രക്ഷിച്ചവനെ സ്തുതിക്കുവിൻ.

എന്തുകൊണ്ടെന്നാൽ
അവിടുത്തെ കാരുണ്യം അനന്തമാകുന്നു.

ലോകത്തിലുള്ള ജീവികൾക്കെല്ലാം
ആഹാരം നല്കുന്നവനെ സ്തുതിക്കുവിൻ.

എന്തുകൊണ്ടെന്നാൽ
അവിടുത്തെ കാരുണ്യം അനന്തമാകുന്നു.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

ആദിമുതൽ എന്നേക്കും ആമ്മേൻ.

**ശുശ്രൂഷി:** നമുക്കു പ്രാർത്ഥിക്കാം, സമാധാനം നമ്മോടു കൂടെ.

**കാർമ്മി:** പ്രകൃത്യാ മറഞ്ഞിരിക്കുന്നവനും പ്രവൃത്തികളാൽ സ്വയം വെളിപ്പെടുത്തുന്നവനുമായ ദൈവമേ, ആകാശവും ഭൂമിയും ആങ്ങേ മാഹാത്മ്യത്തെ പ്രകീർത്തിക്കുന്നു. അങ്ങേയ്ക്ക് സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുവാൻ ഞങ്ങൾ കടപ്പെട്ടവരാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ.

### കാൽത്താ

**കാർമ്മി:** പോയ്മറയുന്നീ ക്ഷണഭംഗുരമാം
ലോകവുമതിലെ ജഡികാശകളും.

**സമൂഹം:** അക്ഷയരാജ്യം നേടാനുതകും
നിക്ഷേപങ്ങൾ കരുതുക നമ്മൾ.

**ശുശ്രൂഷി:** നമുക്കു പ്രാർത്ഥിക്കാം, സമാധാനം നമ്മോടു കൂടെ.

**കാർമ്മി:** ശൂന്യതയിൽ നിന്നു ഞങ്ങളെ സൃഷ്ടിക്കുകയും പാപങ്ങളിൽ നിന്നു ഞങ്ങളെ രക്ഷിക്കുകയും ചെയ്ത കാരുണ്യവാനായ കർത്താവേ, അങ്ങയുടെ അനുഗ്രഹങ്ങൾക്കു വേണ്ടി ഞങ്ങൾ അങ്ങയോടു നന്ദി പറയുകയും സ്നേഹം നിറഞ്ഞ ഹൃദയത്തോടെ സ്തുതിച്ചാരാധിക്കുകയും ചെയ്യുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ.

## സ്തോത്രഗീതം

ദൈവമേ നിൻ ദിവ്യദാനങ്ങൾക്കായ്
നന്ദിയോടെ ഞങ്ങൾ നിന്നെ വാഴ്ത്തുന്നു.
അപകടങ്ങളിൽ വീഴാതെ
വീണപോയാൽത്താഴാതെ
അനുദിനം ഞങ്ങളെ നീ
കാത്തുപോന്നല്ലോ. (2)

ദൈവമേ നിൻ ദിവ്യദാനങ്ങൾക്കായ് ...
പാപത്തിൻ വഴിയിലും
ശോകത്തിൻ ചുഴിയിലും
തൃക്കരങ്ങൾ നീട്ടി ഞങ്ങൾ -
ക്കാശ്രയം നല്കി. (2)

ദൈവമേ നിൻ ദിവ്യദാനങ്ങൾക്കായ് ...
ആത്മാവിലാശരുകി
അന്നന്നു ഭോജ്യമേകി
എന്നുമെന്നും ഞങ്ങളിൽ നീ
വാണിടുന്നല്ലോ. (2)
ദൈവമേ ..............

## അല്ലെങ്കിൽ

ദൈവസ്നേഹം വർണ്ണിച്ചീടാൻ, വാക്കുകൾ പോരാ
നന്ദിചൊല്ലിതീർക്കുവാനീ, ജീവിതം പോരാ
കഷ്ടപ്പാടിൻ കാലങ്ങളിൽ,
രക്ഷിക്കുന്ന സ്നേഹമോർത്താൽ
എത്ര സ്തുതിച്ചാലും, മതിവരുമോ (ദൈവ.....)

സ്വന്തമായ് ഒന്നുമില്ല, സർവ്വവും നിൻ ദാനം
സ്വസ്ഥമായ് ഉറങ്ങീടാൻ,
സമ്പത്തിൽ മയങ്ങാതെ
മന്നിൽ സൗഭാഗ്യം, നേടാനായാലും
ആത്മം നഷ്ടമായാൽ, ഫലമെവിടെ (ദൈവ......)

സ്വപ്നങ്ങൾ പൊലിഞ്ഞാലും, ദുഃഖത്താൽ വലഞ്ഞാലും
മിത്രങ്ങൾ അകന്നാലും, ശത്രുക്കൾ നിരന്നാലും
രക്ഷാകവചം നീ, മാറാതെന്നാളും
അങ്ങെൻ മുമ്പേ പോയാൽ, ഭയമെവിടെ (ദൈവ.....)

**ശുശ്രൂഷി:** നമുക്കു പ്രാർത്ഥിക്കാം, സമാധാനം നമ്മോടു കൂടെ.

*(ജീവിതകാലത്ത്, പ്രത്യേകിച്ച് ഈ വർഷത്തിൽ, ചെയ്തുപോയ പാപങ്ങളെക്കുറിച്ചു പശ്ചാത്തപിക്കുന്നു)*

**കാർമ്മി:** പശ്ചാത്തപിക്കുന്ന പാപികളെ കാരുണ്യപൂർവ്വം സ്വീകരിക്കുന്ന സ്നേഹസമ്പന്നനായ ദൈവമേ, ഞങ്ങളുടെ പാപങ്ങളെക്കുറിച്ച് പശ്ചാത്തപിക്കുകയും, അങ്ങയുടെ അനുഗ്രഹവും സഹായവും ഞങ്ങൾ പ്രാർത്ഥിക്കുകയും ചെയ്യുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ.

**കാർമ്മി:** ദൈവമേ എന്നോടു കരുണ തോന്നണമേ.
ദയാപൂർവ്വം എന്റെ പാപങ്ങൾ മായിച്ചുകളയണമേ.

*(രണ്ടു ഗണമായി തുടരുന്നു).*

ദൈവമേ എന്നോടു കരുണ തോന്നണമെ.
ദയാപൂർവ്വം എന്റെ പാപങ്ങൾ മായിച്ചുകളയണമേ.

എന്റെ അപരാധങ്ങൾ കഴുകിക്കളയുകയും
തെറ്റുകൾ തുടച്ചുമാറ്റുകയും ചെയ്യണമേ.

എന്തെന്നാൽ എന്റെ പാപങ്ങൾ ഞാനറിയുന്നു.
ഞാൻ അവയെല്ലാം കണ്ടുകൊണ്ടിരിക്കുന്നു.

അങ്ങേയ്ക്കെതിരായി ഞാൻ പാപം ചെയ്തുപോയി.
അങ്ങേ സന്നിധിയിൽ ഞാൻ തിന്മ പ്രവർത്തിച്ചു.

അങ്ങേ വചനങ്ങൾ നീതിയുക്തമാകുന്നു.
അങ്ങേ വിധികൾ വിജയിക്കുകയും ചെയ്യും.

ഞാൻ പാപത്തോടുകൂടി ജനിച്ചിരിക്കുന്നു.
എന്റെ ഉത്ഭവം തന്നെ തിന്മയിലാകുന്നു.

അങ്ങു സത്യവാനാണല്ലോ.
അങ്ങേ ജ്ഞാനത്തിന്റെ രഹസ്യങ്ങൾ
എന്നെയും പഠിപ്പിക്കണമെ.

പരിമള തൈലംകൊണ്ട് എന്നെ തളിക്കണമേ.
ഞാൻ ശുദ്ധിയുള്ളവനാകട്ടെ.

അതിൽ എന്നെ കഴുകണമെ.
ഞാൻ മഞ്ഞിനേക്കാൾ നിർമ്മലനാകട്ടെ.

അങ്ങേ സന്തോഷം എനിക്കു നല്കേണമേ.
ഞാൻ അതിൽ ആനന്ദം കൊള്ളട്ടെ.

എന്റെ പാപങ്ങളിൽ നിന്നു മുഖം തിരിക്കണമേ.
എന്റെ അപരാധങ്ങൾ മായിച്ചു കളയണമേ.

നിർമ്മലമായൊരു ഹൃദയം എന്നിൽ സൃഷ്ടിക്കണമേ.
എന്റെ മനസ്സിനെ ശക്തിപ്പെടുത്തുകയും ചെയ്യണമേ.

അങ്ങേ തിരുസന്നിധിയിൽ നിന്ന്
എന്നെ ഒരിക്കലും തള്ളിക്കളയരുതേ.

അങ്ങേ പരിശുദ്ധാത്മാവിനെ
എന്നിൽ നിന്ന് എടുത്തുകളയരുതേ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

## കീർത്തനം

മനുജനു ജന്മം നല്കിയ നാഥാ
വിനയമൊടങ്ങയെ വാഴ്ത്തീടുന്നു.

വരുവിൻ വിരവൊടു, വരുവിൻ ജീവൻ
പിരിയും മുമ്പേ നാഥനെ വാഴ്ത്താം.

ജിതമാനസരാം സുകൃതികളെന്നും
ജീവിക്കുന്നു മൃതിയുടെ വിളിയും.

പകലുള്ളപ്പോളദ്ധ്വാനിപ്പിൻ
തമസ്സുവരുന്നു മൃതിയുടെ വിളിയും.

ജാഗരണത്താൽ മങ്ങിയ വദനം
കനക പ്രഭയിൽ മുങ്ങിവിളങ്ങും.

നിത്യപിതാവിനു കീർത്തനമെന്നും
സുതനും പരിശുദ്ധാത്മാവിനും.

**ശുശ്രൂഷി:** നമുക്കു പ്രാർത്ഥിക്കാം, സമാധാനം നമ്മോടു കൂടെ.

*(കാർമ്മികൻ ധൂപം ആശീർവ്വദിക്കുന്നു.)*

***(കുർബാനയുടെ തുടർന്നുള്ള ഭാഗത്തിന് സാധാരണ കുർബ്ബാന പുസ്തകം പേജ് 50 മുതൽ ഉപയോഗിക്കുക).***

## കാറോസൂസാ

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും സന്തോഷത്തോടും ഭക്തിയോടുംകൂടി നിന്ന് / മനുഷ്യനായി പിറന്ന മിശിഹായെ ധ്യാനിച്ചുകൊണ്ട് / "ദൈവമേ, ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു" എന്ന് ഏറ്റുപറയാം.

**സമൂഹം:** ദൈവമേ ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.

**ശുശ്രൂഷി:** വിനീതരായ ആട്ടിടയരെയും / വിജ്ഞാനികളായ ശാസ്ത്രജ്ഞരെയും / ദിവ്യശിശുവിന്റെ സവിധത്തിലേക്കു നയിച്ച ദൈവമേ,

**സമൂഹം:** ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.

**ശുശ്രൂഷി:** തന്റെ തിരുക്കുമാരന്റെ മനുഷ്യാവതാരംവഴി / എളിമയുടെയും ദാരിദ്ര്യത്തിന്റെയും മാതൃക കാട്ടുകയും / സമാധാനവും പ്രത്യാശയും നല്കി ലോകത്തെ അനുഗ്രഹിക്കുകയും ചെയ്ത ദൈവമേ,

**സമൂഹം:** ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.

**ശുശ്രൂഷി:** ലോകാരംഭത്തിനു മുമ്പേ / മിശിഹായിൽ ഞങ്ങളെ തിരഞ്ഞെടുക്കുകയും / അങ്ങയുടെ രാജ്യത്തിലേക്കു ഞങ്ങളെ വിളിക്കുകയും ചെയ്ത ദൈവമേ,

**സമൂഹം:** ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.

**ശുശ്രൂഷി:** വിവിധങ്ങളായ ജീവിതാനുഭങ്ങളിലൂടെ / ഞങ്ങളെ നയിക്കുകയും / ഞങ്ങൾക്കു ലഭിച്ചിരിക്കുന്ന കഴിവുകളായ താലന്തുകൾ വർദ്ധിപ്പിക്കുവാൻ / ഞങ്ങളെ സഹായിക്കുകയും ചെയ്യുന്ന ദൈവമേ,

**സമൂഹം:** ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.

**ശുശ്രൂഷി:** പതിനൊന്നാം മണിക്കൂറിൽ വിളിക്കപ്പെട്ട വേലക്കാരോടെന്നപ്പോലെ / അയോഗ്യരായ ഞങ്ങളോടും കരുണകാണിക്കുന്ന ദൈവമേ,

**സമൂഹം:** ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.

**ശുശ്രൂഷി:** അവസാനനാളിൽ / അങ്ങയുടെ മുമ്പിൽ ഞങ്ങൾ കണക്കുബോധിപ്പിക്കേണ്ടവരാണ് എന്ന സത്യം / തിരുവചനത്തിലൂടെ ഞങ്ങളെ പഠിപ്പിക്കുന്ന ദൈവമേ.

**സമൂഹം:** ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.

**ശുശ്രൂഷി:** മനുഷ്യാവതാരം വഴി ഞങ്ങളുടെ നിത്യപുരോഹിതനായ മിശിഹായേ, ഞങ്ങളുടെ പരിശുദ്ധ പിതാവുമാർ (പേര്) പാപ്പായെയും, ഞങ്ങളുടെ സഭയുടെ തലവനും പിതാവുമായ മാർ (പേര്) മെത്രാപ്പോലീത്തയെയും, ഞങ്ങളുടെ അതിരൂപതാധ്യക്ഷനായ മാർ (പേര്) മെത്രാപ്പോലീത്തയെയും, ഞങ്ങളുടെ മേലധ്യക്ഷ്യനും പിതാവുമായ മാർ (പേര്) മെത്രാനെയും, മറ്റെല്ലാ മെത്രാന്മാരെയും ആത്മീയനന്മകൾ നല്കി അനുഗ്രഹിക്കുന്ന ദൈവമേ.

**സമൂഹം:** ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂഹം:** ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

**കാർമ്മി:** ചരിത്രത്തിന്റെ നാഥനായ ദൈവമേ, എല്ലാം അവിടുന്നറിയുകയും, എല്ലാം ഞങ്ങളുടെ നന്മയ്ക്കായി പരിണമിപ്പിക്കുകയും ചെയ്യുന്നുവെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. അങ്ങയുടെ പൈതൃകമായ പരിപാലനത്തിന്റെ കരം, ജീവിതത്തിലെ എല്ലാ സംഭവങ്ങളിലും ദർശിക്കുവാനും, വിശ്വാസത്തോടും പ്രത്യാശയോടുംകൂടി, ഈ ലോകത്തിലെ ഞങ്ങളുടെ യാത്ര പൂർത്തിയാക്കുവാനും ഞങ്ങളെ പ്രാപ്തരാക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ.

## സമാപനാശീർവ്വാദം

*(രീതി: കർത്താവാം മിശിഹാ വഴിയായ്....)*

സ്തുതി പാടീടാം സന്നിധിയിൽ
സതതം ദൈവപിതാവിനു നാം
രക്ഷാമാർഗ്ഗം കാണിച്ചു
രക്ഷകനീശോ നിജതനയൻ.

നന്മയിലേക്കു നയിച്ചീടും
റൂഹായ്ക്കെല്ലാ മഹിമകളും
അർപ്പിച്ചീടാം, കൃപയാല-
ങ്ങാത്മവിശുദ്ധി പകർന്നല്ലോ.

**സമൂഹം:** ആമ്മേൻ.

സ്വർഗ വിരുന്നിൽ ചേർന്നീടാൻ
സന്തതമൊരുപോൽ നീങ്ങീടാം
നന്ദിയോടങ്ങേ തിരുനാമം
നിത്യം പാടി വണങ്ങീടാം.

ചിറകുവിരിച്ചു പറന്നകലും
വർഷം നന്മ നമുക്കേകി
നന്ദിപറഞ്ഞു നമിച്ചിടുവിൻ +
ഇപ്പൊഴുമെപ്പൊഴുമെന്നേക്കും.

**സമൂഹം:** ആമ്മേൻ.

***(അല്ലെങ്കിൽ)***

**കാർമ്മി:** അനുഗ്രഹദായകനും പാപങ്ങൾ പൊറുക്കുന്നവനുമായ ദൈവത്തെ നമുക്കു സ്തുതിക്കാം. സമയത്തിന്റെ പൂർണ്ണതയിൽ മനുഷ്യനായി പിറന്ന് നമ്മിൽ ഒരുവനായി ജീവിച്ച്, രക്ഷയുടെ മാർഗ്ഗം നമുക്കു കാണിച്ചുതന്ന മിശിഹായെ നമുക്കു വാഴ്ത്താം. എല്ലാം വിശുദ്ധീകരിച്ച് അനുദിനം നന്മയുടെ വഴിയിലൂടെ നമ്മെ നയിക്കുന്ന പരിശുദ്ധാത്മാവിനെ നമുക്കു മഹത്ത്വപ്പെടുത്താം. കടന്നുപോയ വർഷം ദൈവം നമുക്കു നല്കിയ അനവധിയായ നന്മകൾക്ക് നന്ദി പറയുവിൻ. മിശിഹായുടെ തിരുശരീരരക്തങ്ങൾ സ്വീകരിച്ച നിങ്ങളെ അവിടുന്ന് സ്വർഗ്ഗീയവിരുന്നിൽ പങ്കുകാരാക്കട്ടെ. ഇപ്പോഴും + എപ്പോഴും എന്നേക്കും.

**സമൂഹം:** ആമ്മേൻ.

## ആരാധനയ്ക്ക് അനുതാപ ഗാനങ്ങൾ

പാപബോധവും പശ്ചാത്താപവും
കർത്താവേ എനിക്കേകണേ
കണ്ണീരോടും വിലാപത്തോടുമെൻ
പാപം ഞാനേറ്റു ചൊല്ലീടാം (2)

നീതിമാനായ് അന്യരെ താഴ്ത്തി
ദുർവ്വിധികൾ ഞാൻ ചെയ്യില്ല
പാപകാരണം അന്യനാണെന്ന
ന്യായവാദവും ചെയ്യില്ല (2)

ആത്മവഞ്ചന ചെയ്തു ഞാനെന്റെ
പാപത്തെ പൂഴ്ത്തിവയ്ക്കില്ല
പാപമേതുമേ എന്നിലില്ലെന്ന്
ചൊല്ലും വിഢി ഞാനാകില്ല

2

പാപികളെത്തേടി വന്ന പാലകനേശുവേ
പാദതാരിൽ വന്നു നില്ക്കും പാപിയെകാക്കണേ.

ലോകദ്രവ്യ ആശകളാൽ
നിന്നെ വെടിഞ്ഞു ഞാൻ (2)

സന്തോഷവും സൗഭാഗ്യവും
തേടിയലഞ്ഞു ഞാൻ (2)

അന്ധകാര ശക്തികളാൽ
ബന്ധിതനായ് ഞാൻ (2)
പാപത്തിന്റെ നീർക്കയത്തിൽ
വീണു വലഞ്ഞു ഞാൻ (2)

# വർഷാരംഭ പ്രാർത്ഥന

*(സ്തുതി, വിധേയത്വം, അനുസരണം)*

## പ്രാരംഭ ഗാനം

പുതിയൊരു വർഷം പുലരുന്നു,
പുതുമയിലാശകളുണരുന്നു
കർത്താവേ, നിൻ തനയരിതാ
നിൻ തിരുസന്നിധിയണയുന്നു.

ആയിരമായിര മക്ഷികളീ-
പ്പുതിയദിനത്തിൽ പൂങ്കിരണം
കാണാതൊട്ടു നിരാശതയിൽ
മങ്ങിയടഞ്ഞു മറഞ്ഞല്ലോ.

പുതുവർഷത്തിൻ പാതകളിൽ
പാപികൾ ഞങ്ങളിറങ്ങുന്നു
വിനകളിൽ വീഴാതഖിലേശാ
കൈകൾ പിടിച്ചു നടത്തണമേ.

കരളിൽ നിരാശ നിറയ്ക്കരുതേ
കൃപയുടെ വാതിലടയ്ക്കരുതേ
കാക്കും കൈകൾ വലിക്കരുതേ
കരുണ വെടിഞ്ഞു വിധിക്കരുതേ.

കണ്ണുകൾ നിന്നിലുറപ്പിച്ചെൻ
ദിനകൃത്യങ്ങൾ തുടങ്ങുന്നേൻ
വീഴാതെന്നെ നയിക്കണമേ
വിജയാനുഗ്രഹമേകണമേ.

നാഥാ നിൻ സുവിശേഷത്തിൻ
പാരമിടുങ്ങിയ പാതകളിൽ
സിദ്ധന്മാരുടെ കാല്പാടിൽ
തെറ്റാതെന്നെ നയിക്കണമേ.

ദൈവപിതാവിൻ സൗഹൃദവും
സുതനുടെ കൃപയുമനുഗ്രഹവും
ദൈവാത്മാവിൻ പ്രീതിയുമെൻ
വഴിയിൽ വിശുദ്ധി വിരിക്കട്ടെ.

## സ്നേഹത്തിന്റെ കല്പന *(ഗാനം)*

**കാർമ്മി:** അന്നാ പെസഹാത്തിരുനാളിൽ
കർത്താവരുളിയ കല്പനപോൽ
തിരുനാമത്തിൽച്ചേർന്നീടാം
ഒരുമയോടീ ബലിയർപ്പിക്കാം.

**സമൂഹം:** അനുരഞ്ജിതരായ് തീർന്നീടാം
നവമൊരു പീഠമൊരുക്കീടാം
ഗുരുവിൻ സ്നേഹമൊടീയാഗം
തിരുമുമ്പാകെയണച്ചീടാം.

*(ഗാനം)*

**കാർമ്മി:** അത്യുന്നതമാം സ്വർല്ലോകത്തിൽ
സർവ്വേശനു സ്തുതി ഗീതം. (3).

**സമൂഹം:** ഭൂമിയിലെങ്ങും മർത്ത്യനു ശാന്തി /
പ്രത്യാശയുമെന്നേക്കും. (3).

**കാർമ്മി:** (ഗാനം)
സ്വർഗ്ഗസ്ഥിതനാം താതാ നിൻ
നാമം പൂജിതമാകണമേ
നിൻ രാജ്യം വന്നീടണമേ
പരിശുദ്ധൻ നീ പരിശുദ്ധൻ.

**സമൂഹം:** *(രണ്ടു ഗണമായി തുടരുന്നു).*
സ്വർഗ്ഗസ്ഥിതനാം താതാ നിൻ
സ്തുതി തൻ നിസ്തുല മഹിമാവാൽ
ഭൂസ്വർഗ്ഗങ്ങൾ നിറഞ്ഞു സദാ
പാവനമായി വിളങ്ങുന്നു.

വാനവ മാനവ വൃന്ദങ്ങൾ
ഉദ്ഘോഷിപ്പൂ സാമോദം
പരിശുദ്ധൻ നീ എന്നെന്നും
പരിശുദ്ധൻ നീ പരിശുദ്ധൻ.

സ്വർഗ്ഗസ്ഥിതനാം താതാ നിൻ
നാമം പൂജിതമാകണമേ
നിൻ രാജ്യം വന്നീടണമേ
നിൻ ഹിതമിവിടെ ഭവിക്കണമെ.

സ്വർഗ്ഗത്തെന്നതുപോലുലകിൽ
നിൻ ചിത്തം നിറവേറണമേ
ആവശ്യകമാ മാഹാരം
ഞങ്ങൾക്കിന്നരുളീടണമേ.

ഞങ്ങൾ കടങ്ങൾ പൊറുത്തതുപോൽ
ഞങ്ങൾക്കുള്ള കടം സകലം

പാപത്തിൻ കട ബാദ്ധ്യതയും
അങ്ങു കനിഞ്ഞു പൊറുക്കണമേ.

ഞങ്ങൾ പരീക്ഷയിലൊരുനാളും
ഉൾപ്പെട്ടുവാനിടയാകരുതേ
ദുഷ്ടാരൂപിയിൽ നിന്നെന്നും
ഞങ്ങളെ രക്ഷിച്ചരുളണമേ.

എന്തെന്നാലെന്നാളേക്കും
രാജ്യം ശക്തിമഹത്വങ്ങൾ
താവകമല്ലോ കർത്താവേ
ആമ്മേനാമ്മേനെന്നേക്കും.

**ശുശ്രൂഷി:** നമുക്കു പ്രാർത്ഥിക്കാം സമാധാനം നമ്മോടു കൂടെ.

**കാർമ്മി:** സ്രഷ്ടാവായ ദൈവമേ, ഈ വർഷാരംഭത്തിൽ ഞങ്ങൾ അങ്ങയെ ആരാധിക്കുകയും സ്തുതിക്കുകയും ചെയ്യുന്നു. ഈ പുതുവർഷത്തെ അങ്ങയുടെ പരിപാലനത്തിന് ഞങ്ങൾ സമർപ്പിക്കുന്നു. സന്തോഷത്തോടും പ്രത്യാശയോടുംകൂടി ഞങ്ങൾ ആരംഭിക്കുന്ന ഈ വർഷം ഞങ്ങൾക്ക് അനുഗ്രഹപ്രദമായിത്തീരട്ടെ. അങ്ങയുടെ പ്രിയപുത്രന്റെ രണ്ടാമത്തെ ആഗമനംവരെ സഭയിൽ അർപ്പിക്കപ്പെടുന്ന ഈ ബലി വിശ്വാസത്തോടും തീക്ഷ്ണതയോടുംകൂടി അർപ്പിക്കുവാൻ ബലഹീനരായ ഞങ്ങളെ യോഗ്യരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ.

## *സങ്കീർത്തനം*

**കാർമ്മി:** ഭൂവാസികളെ കർത്താവിനെ സ്തുതിക്കുവിൻ.
സന്തോഷപൂർവ്വം അവിടുത്തെ പൂജിക്കുവിൻ.

(രണ്ടു ഗണമായി തുടരുന്നു).

ഭൂവാസികളെ കർത്താവിനെ സ്തുതിക്കുവിൻ.
സന്തോഷപൂർവ്വം അവിടുത്തെ പൂജിക്കുവിൻ.

കീർത്തനങ്ങൾ പാടിക്കൊണ്ട്
നമ്മുടെ കർത്താവും ദൈവവുമായ
അവിടുത്തെ തിരുമുമ്പിൽ പ്രവേശിക്കുവിൻ.

അവിടുന്നു നമ്മുടെ സ്രഷ്ടാവാകുന്നു.
നാം അവിടുത്തെ ജനങ്ങളുമാകുന്നു

സ്തോത്രങ്ങൾ പാടിക്കൊണ്ട്
അവിടുത്തെ പടിവാതിലുകൾ കടക്കുവിൻ.

കീർത്തനങ്ങൾ ആലപിച്ചുകൊണ്ട്
അങ്കണത്തിലേക്കു പ്രവേശിക്കുവിൻ.

നന്ദി നിറഞ്ഞ ഹൃദയത്തോടെ
അവിടുത്തെ നാമം പ്രകീർത്തിക്കുവിൻ.

കർത്താവു നല്ലവനും കാരുണ്യവാനുമാകുന്നു.
അവിടുത്തെ വിശ്വസ്തത എന്നും നിലനില്ക്കും.

കർത്താവിന്റെ വിശുദ്ധ ഭവനത്തിൽ
അവിടുത്തെ സ്തുതിക്കുവിൻ.

പ്രതാപം നിറഞ്ഞ ആകാശത്തിൽ
അവിടുത്തെ പ്രകീർത്തിക്കുവിൻ.

കർത്താവിന്റെ അത്ഭുതകൃത്യങ്ങളെക്കുറിച്ച്
അവിടുത്തെ സ്തുതിക്കുവിൻ.

കാഹളമൂതിക്കൊണ്ട് / കർത്താവിനെ സ്തുതിക്കുവിൻ.

വീണകളാലും കിന്നരങ്ങളാലും
കർത്താവിനെ സ്തുതിക്കുവിൻ.

തപ്പുകളാലും മദ്ദളങ്ങളാലും / കർത്താവിനെ സ്തുതിക്കുവിൻ.

ആരവംകൊണ്ടും ആർപ്പുവിളികൊണ്ടും
കർത്താവിനെ സ്തുതിക്കുവിൻ.

സർവ്വ ജീവജാലങ്ങളും / കർത്താവിനെ സ്തുതിക്കട്ടെ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

ആദിമുതൽ എന്നേക്കും ആമ്മേൻ.

**ശുശ്രൂഷി:** നമുക്കു പ്രാർത്ഥിക്കാം, സമാധാനം നമ്മോടു കൂടെ.

*(ദൈവമാണു നമ്മുടെ ആശ്രയമെന്ന് ഏറ്റുപറയുന്നു).*

**കാർമ്മി:** ആകാശപ്പറവകളെ പോറ്റുകയും വയലിലെ പുഷ്പങ്ങളെ അലങ്കരിക്കുകയും ചെയ്യുന്ന കാരുണ്യവാനും സ്നേഹസമ്പന്നനുമായ ദൈവമേ, പുതിയ വർഷത്തിന്റെ ആരംഭത്തിൽ ഞങ്ങളുടെ ആത്മാവിനെയും ശരീരത്തേയും ഞങ്ങൾ അങ്ങേയ്ക്കു സമർപ്പിക്കുന്നു. ജീവിതത്തിന്റെ എല്ലാ ദിവസവും അങ്ങു ഞങ്ങളുടെ ആശ്രയമായിരിക്കണമെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ.

**കാർമ്മി:** ദൈവമേ ഞാൻ അങ്ങയെ ആശ്രയിക്കുന്നു.
അങ്ങുന്നു എന്നെ രക്ഷിക്കണമേ.

*(രണ്ടു ഗണമായി തുടരുന്നു).*

ദൈവമേ ഞാൻ അങ്ങയെ ആശ്രയിക്കുന്നു.
അങ്ങുന്നു എന്നെ രക്ഷിക്കണമേ.

എന്റെ നാഥൻ അങ്ങുതന്നെയാകുന്നുവെന്ന്
കർത്താവിനോടു ഞാൻ ഏറ്റു പറഞ്ഞു.

അങ്ങയെ കൂടാതെ / എനിക്ക് ഐശ്വര്യമുണ്ടാകുകയില്ല..

എന്റെ അവകാശവും പാനപാത്രവും / കർത്താവാകുന്നു.

എന്റെ അവകാശം തിരിച്ചു തരുന്നതും
അവിടുന്നു തന്നെയാകുന്നു.

കർത്താവ് എപ്പോഴും എന്റെ മുമ്പിൽ നില്ക്കുന്നു.
അവിടുന്നു എന്റെ വലത്തുഭാഗത്തുള്ളപ്പോൾ
ഞാൻ ഒട്ടും ഭയപ്പെടുകയില്ല.

കർത്താവിനെ ആശ്രയിക്കുന്നവർ
ഒരു കാലത്തും പേടിക്കുകയില്ല.

സെഹിയോൻ പർവ്വതം പോലെ / അവർ ഉറച്ചു നില്ക്കും.

മലകൾ ഓറശ്ലത്തെ എന്നപോലെ
കർത്താവു തന്റെ ജനത്തെ വലയം ചെയ്തു രക്ഷിക്കുന്നു.

അത്യുന്നതന്റെ സംരക്ഷണമുള്ളവനും
ദൈവത്തിന്റെ തണലിൽ ജീവിക്കുന്നവനും
ഭാഗ്യവാനാകുന്നു.

എന്റെ ആശ്രയവും സങ്കേതവും അങ്ങുന്നാകുന്നുവെന്ന്
കർത്താവിനോടു പറയുക.

ദുഷ്ടന്മാരുടെ കെണിയിൽ നിന്നും
വ്യർത്ഥമായ സംഭാഷണത്തിൽ നിന്നും
അവിടുന്നു നിന്നെ രക്ഷിക്കും.

തന്റെ തൂവലുകൾകൊണ്ട്
അവിടുന്നു നിന്നെ മറച്ചുകൊള്ളും.

തന്റെ ചിറകുകളുടെ കീഴിൽ
അവിടുന്നു നിന്നെ കാത്തുകൊള്ളും.

നിന്റെ സങ്കേതം കർത്താവാകുന്നു.
അത്യുന്നതൻ നിന്റെ കോട്ടയാകുന്നു.

നിനക്കു യാതൊരു തിന്മയും വരികയില്ല.
ബാധകൾ നിന്റെ കൂടാരത്തെ ഉപദ്രവിക്കയില്ല.

വഴികളിൽ നിന്നെ സംരക്ഷിക്കുവാൻ
അവിടുന്നു മാലാഖമാരോടു കല്പിക്കും.

നിന്റെ പാദം കല്ലിന്മേൽ തട്ടാതെ
കരങ്ങളിൽ നിന്നെ അവർ വഹിച്ചുകൊള്ളും.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.
ആദിമുതൽ എന്നേക്കും ആമ്മേൻ.

**ശുശ്രൂഷി:** നമുക്കു പ്രാർത്ഥിക്കാം, സമാധാനം നമ്മോടു കൂടെ.

*(ദൈവപ്രമാണങ്ങളനുസരിച്ചു ജീവിക്കുവാനുള്ള അനുഗ്രഹം പ്രാർത്ഥിക്കുന്നു).*

**കാർമ്മി:** അക്ഷയമായ മഹത്വത്തിന്റെ ആസ്ഥാനമായ ദൈവമേ, അങ്ങു ഞങ്ങൾക്കു നല്കിയിരിക്കുന്ന ഈ പുതുവത്സരത്തിൽ അങ്ങയുടെ പ്രമാണങ്ങൾ പാലിച്ചുകൊണ്ട് വിചാരത്തിലും വചനത്തിലും പ്രവൃത്തിയിലും വിശുദ്ധരായി ജീവിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമെ. സത്യമായ ജീവൻ കൈവശമാക്കുവാൻ വേണ്ടി സൽപ്രവർത്തികൾ ചെയ്യുവാനും സൽക്കർമ്മങ്ങളിൽ സമ്പന്നരാകുവാനും ഞങ്ങളെ സഹായിക്കണമെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ.

**കാർമ്മി:** ജീവനോടെയിരുന്ന്
അങ്ങേ കല്പന അനുസരിക്കുവാൻ
അങ്ങേ ദാസനെ അനുഗ്രഹിക്കണമെ.

*(രണ്ടു ഗണമായി തുടരുന്നു).*

ജീവനോടെയിരുന്ന് / അങ്ങേ കല്പന അനുസരിക്കുവാൻ
അങ്ങേ ദാസനെ അനുഗ്രഹിക്കണമെ.

അങ്ങേ പ്രമാണത്തിന്റെ വൈശിഷ്ട്യം കാണുവാൻ
എന്റെ കണ്ണുകൾ തുറക്കണമെ.

ഭൂമിയിൽ ഞാൻ ഒരു യാത്രക്കാരനാകുന്നു.
അങ്ങേ കല്പന എന്നിൽ നിന്നു മറച്ചുവെയ്ക്കരുതേ.

അങ്ങേ പ്രമാണങ്ങളെയെല്ലാം
ഞാൻ അത്യധികം സ്നേഹിച്ചു.

അങ്ങേ നിയമങ്ങൾ എനിക്കു മധുരമാകുന്നു.
അവ എന്റെ ഉപദേഷ്ടാക്കളുമാകുന്നു.

അങ്ങേ പ്രമാണങ്ങൾ അനുസരിക്കുവാൻ
എന്റെ മാർഗ്ഗങ്ങൾ ക്രമപ്പെടുത്തണമേ.

അങ്ങേ കല്പന പ്രകാരം ജീവിച്ചാൽ
ഞാൻ ഒരിക്കലും നിരാശനാവുകയില്ല.

കർത്താവേ അങ്ങു വാഴ്ത്തപ്പെട്ടവനാകുന്നു.
അങ്ങേ കല്പനകൾ എന്നെ പഠിപ്പിക്കണമെ.

അങ്ങേ നീതിവിധികളെല്ലാം
ഞാൻ ഉരുവിട്ടുകൊണ്ടിരിക്കുന്നു.

സർവ്വസമ്പത്തിലുമുപരിയായി
അങ്ങേ നിയമത്തെ ഞാൻ സ്നേഹിച്ചു.

അങ്ങേ കല്പനകളെപ്പറ്റി ധ്യാനിക്കുകയും
അങ്ങേ മാർഗ്ഗങ്ങളെപ്പറ്റി ചിന്തിക്കുകയും ചെയ്തു.

അങ്ങേ പ്രമാണങ്ങളിൽ ഞാൻ ആനന്ദിക്കും.
അങ്ങേ വാക്കുകൾ ഞാൻ വിസ്മരിക്കുകയില്ല.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

ആദിമുതൽ എന്നേക്കും ആമ്മേൻ.

**ശുശ്രൂഷി:** പ്രാർത്ഥിക്കാം നമുക്കു സമാധാനം.

*(പുതിയ വർഷം കാണ്മാനിടയായതിനെക്കുറിച്ചു ദൈവത്തെ സ്തുതിക്കുവാൻ സൃഷ്ടികളെയെല്ലാം ക്ഷണിക്കുന്നു).*

**കാർമ്മി:** ഞങ്ങളുടെ കർത്താവായ ദൈവമേ അനന്തവും അഗ്രാഹ്യവുമായ അങ്ങേ കാരുണ്യത്തെയോർത്തു സൃഷ്ടികളെല്ലാം അങ്ങയെ സ്തുതിക്കുവാനും ആരാധിക്കുവാനും കടപ്പെട്ടിരിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ.

## ഗാനം

അവനീപതിയാ മഖിലേശ്വരനെ
വാഴ്ത്തിപ്പാടുവിനാദരവോടെ.
അവനീ ..........

നീലാകാശം തിങ്ങിപ്പുലരും
നീർത്തുള്ളികളേ ദൂതന്മാരേ.
അവനീ ...........

കർത്താവിൻ തിരുസൈനികനിരയും
സൂര്യൻ ചന്ദ്രൻ താരാഗണവും.
അവനീ ...........

കാറ്റേ കടലേ കാട്ടാറുകളെ
കനലേ കരയിൽ പൊരിയും വെയിലെ.
അവനീ ..........

കാടും മേടും മേഘാവലിയും,
തോടും പുഴയും പുൽത്തോപ്പുകളും.
അവനീ ..........

കനകം പൊഴിയും പുലരിയുമഴകിൻ
കതിരൊളി ചിന്നും സായന്തനവും.
അവനീ ..........

തളിരും മലരും മലർവാടികളും
മലയും മധുവും മാങ്കാവുകളും.
അവനീ ..........

മിന്നൽപിണരും പർവ്വതനിരയും
പാട്ടുകൾ പാടും പറവയുമെല്ലാം.
അവനീ ..........

തിരമാലകളെ ജലജീവികളെ
പുഞ്ചിരിതൂകും പൂഞ്ചോലകളെ.
അവനീ ..........

മഴയും മഞ്ഞും മാമലനിരയും
മലരുകൾ തിങ്ങും മഞ്ഞണിവയലും.
അവനീ ..........

**ശുശ്രൂഷി:** നമുക്കു പ്രാർത്ഥിക്കാം, സമാധാനം നമ്മോടുകൂടെ.

**കാർമ്മി:** ഞങ്ങളോടുകൂടെ വസിക്കുവാൻ ആശ്വാസപ്രദനെ അയച്ചുതരുമെന്നു വാഗ്ദാനം ചെയ്ത കർത്താവേ പുതുവത്സരത്തിന്റെ വഴികളിൽ അപകടം കൂടാതെ ഞങ്ങളെ നയിക്കുവാനും അങ്ങയുടെ പ്രമാണങ്ങൾ യഥാകാലം ഞങ്ങളെ അനുസ്മരിപ്പിക്കുവാനും ഞങ്ങളുടെ കർത്തവ്യങ്ങളുടെ ഗൗരവം ഞങ്ങളെ ഗ്രഹിപ്പിക്കുവാനുമായി അങ്ങയുടെ പരിശുദ്ധാത്മാവിനെ ഞങ്ങൾക്കു പ്രദാനം ചെയ്യണമെ. സകലത്തിന്റെയും നാഥാ എന്നേയ്ക്കും.

**സമൂഹം:** ആമ്മേൻ.

## ഗാനം

പരിശുദ്ധാത്മാവേ നീയെഴുന്നള്ളി
വരണമെ എന്റെ ഹൃദയത്തിൽ
ദിവ്യദാനങ്ങൾ ചിന്തിയെന്നുള്ളിൽ
ദൈവസ്നേഹം നിറയ്ക്കണേ.

സ്വർഗ്ഗ വാതിൽ തുറന്നു ഭൂമിയിൽ
നിർഗ്ഗളിക്കും പ്രകാശമേ
അന്ധകാരവിരിപ്പു മാറ്റിടും
ചന്തമേറുന്ന ദീപമേ
കേഴമാത്മാവിലാശ വീശുന്ന
മോഹന ദിവ്യ ഗാനമേ.

പരിശുദ്ധാത്മാവേ ....

വിണ്ടുണങ്ങി വരണ്ടമാനസം
കണ്ടവിണ്ണിൻ തടാകമേ
മന്ദമായ് വന്നു വീശിയാനന്ദം
തന്ന പൊന്നിളം തെന്നലേ
രക്തസാക്ഷികളാഞ്ഞു പുല്കിയ
പുണ്യ ജീവിത പാത നീ

പരിശുദ്ധാത്മാവേ ....

**ശുശ്രൂഷി:** നമുക്കു പ്രാർത്ഥിക്കാം സമാധാനം നമ്മോടു കൂടെ.

*(കാർമ്മികൻ ധൂപം ആശീർവ്വദിക്കുന്നു.)*

***(കുർബാനയുടെ തുടർന്നുള്ള ഭാഗത്തിന് സാധാരണ കുർബ്ബാന പുസ്തകം പേജ് 50 മുതൽ ഉപയോഗിക്കുക).***

ഒന്നാം വായന: ഉല്പത്തി *17:1-14*
രണ്ടാം വായന: ഫിലിപ്പിയർക്ക് *2:4-11*
സുവിശേഷം: ലൂക്കാ *2:15-21.*

## കാറോസൂസാ

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും സന്തോഷത്തോടും ഭക്തിയോടുംകൂടി നിന്ന് "കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ" എന്നു പ്രാർത്ഥിക്കാം.

**സമൂഹം:** കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.

**ശുശ്രൂഷി:** "ഇവൻ എന്റെ പ്രിയപുത്രനാകുന്നു" എന്നു പിതാവിൽനിന്നുസാക്ഷ്യം ലഭിച്ച മിശിഹായേ, കർത്താവും ദൈവവുമായി നിന്നെ ഏറ്റുപറയുവാൻ സഭയെ അനുഗ്രഹിക്കണമെന്ന് നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂഹം:** കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.

**ശുശ്രൂഷി:** ദാസന്റെയും പാപിയുടെയും രൂപംധരിച്ച മിശിഹായേ, വിനീതമായ സേവനത്തിനു തങ്ങളെത്തന്നെ പ്രതിഷ്ഠിക്കുവാൻ ഞങ്ങളുടെ പരിശുദ്ധ പിതാവു മാർ (പേര്) പാപ്പായെയും, ഞങ്ങളുടെ സഭയുടെ തലവനും പിതാവുമായ മാർ, (പേര്) ശ്രേഷ്ഠമെത്രാപ്പോലീത്തയെയും ഞങ്ങളുടെ അതി രൂപതാധ്യക്ഷനായ മാർ (പേര്) മെത്രാപ്പോലീത്തയെയും ഞങ്ങളുടെ മേലധ്യക്ഷനും പിതാവുമായ മാർ (പേര്) മെത്രാനെയും മറ്റെല്ലാ മെത്രാന്മാരെയും ആത്മീയനന്മകൾ നല്കി അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂഹം:** കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.

**ശുശ്രൂഷി:** ഞങ്ങൾ ഇന്ന് ആരംഭിക്കുന്ന വർഷം ലോകമെങ്ങുമുള്ള അങ്ങയുടെ മക്കൾക്ക് ഐശ്വര്യത്തിന്റെയും സമാധാനത്തിന്റെയും പ്രത്യാശയുടെയും സംവത്സരമാക്കിത്തീർക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂഹം:** കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.

**ശുശ്രൂഷി:** കാലത്തിന്റെ അടയാളങ്ങളിലൂടെ വെളിപ്പെടുന്ന അങ്ങയുടെ തിരുഹിതം വിവേചിച്ചറിഞ്ഞ് അങ്ങയുടെ രാജ്യം തങ്ങളിലും മറ്റുള്ളവരിലും യാഥാർത്ഥ്യമാക്കാനുള്ള കൃപാവരം നല്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂഹം:** കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.

**ശുശ്രൂഷി:** പ്രപഞ്ചത്തിന്റെ സൂക്ഷിപ്പുകാരാണ് എന്ന ബോധ്യത്തോടെ ലോകത്തെയും ലോകവസ്തുക്കളെയും വീക്ഷിക്കുന്നതിനും അവയെ ശരിയായി ഉപയോഗിക്കുന്നതിനുമുള്ള വരം ഞങ്ങൾക്കു നല്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂഹം:** കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം

**സമൂഹം:** ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

**കാർമ്മി:** യുഗങ്ങളുടെ നാഥനായ ദൈവമേ, ഞങ്ങളെയും ലോകം മുഴുവനെയും അങ്ങേക്കു ഞങ്ങൾ കാഴ്ചയർപ്പിക്കുന്നു. ചോദിക്കുന്നതിനുമുമ്പു തന്നെ ഞങ്ങളുടെ ആവശ്യങ്ങൾ അറിയുന്ന അങ്ങ് ഈ സമൂഹത്തിന്റെയും ലോകം മുഴുവന്റെയും മേൽ കരുണ കാണിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ.

## സമാപനാശീർവ്വാദം

*(രീതി: കർത്താവാം മിശിഹാ വഴിയായ്....)*

സ്നേഹപിതാവാം ദൈവം തൻ
സാദൃശ്യത്തിൽ സൃഷ്ടിച്ചു
മർത്യനെ, യതുപോൽ രക്ഷിച്ചു
പുത്രനെ ബലിയായർപ്പിച്ചും.

മോചകനാകും രക്ഷകനെ
വാഴ്ത്തി നമിക്കാം വിനയമൊടെ
പുതുവർഷത്തിൽ തിരുനാമം
രക്ഷാകരമായ് ത്തീരട്ടെ.

**സമൂഹം:** ആമ്മേൻ.

പരിപാലനമിന്നേകട്ടെ
പരിചൊടു ദൈവം മർത്യർക്കായ്

പരിപാവനമീ യാഗത്തിൽ
നിര ചേർന്നവരാണല്ലോ നാം.

സ്വർഗപിതാവിൻ ഭവനത്തിൽ
സകലരുമൊരുപോൽ ത്രിത്വത്തെ
വാഴ്ത്തിടുവാനിടയാകട്ടെ +
ഇപ്പൊഴു മെപ്പൊഴു മെന്നേക്കും.

**സമൂഹം:** ആമ്മേൻ.

***(അല്ലെങ്കിൽ)***

**കാർമ്മി:** സ്വന്തം ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിക്കുകയും, തന്റെ പുത്രനെ അയച്ച് അവനെ രക്ഷിക്കുകയും ചെയ്ത, പിതാവായ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. എല്ലാവിധ ബന്ധനങ്ങളിലും നിന്ന് നമ്മെ മോചിക്കുന്ന ഈശോയുടെ തിരുനാമത്തിൽ ഉറച്ചു വിശ്വസിച്ചുകൊണ്ട് നമ്മൾ ആരംഭിക്കുന്ന ഈ വർഷം നമുക്കു രക്ഷാകരമായി ഭവിക്കട്ടെ. ഈ പുതുവർഷത്തിൽ ദൈവപരിപാലനത്തിന്റെ വലംകൈ നമ്മെ സംരക്ഷിക്കുകയും എല്ലാവിധ അപകടങ്ങളിലും നിന്ന് കാത്തുരക്ഷിക്കുകയും ചെയ്യട്ടെ. ഈ തിരുക്കർമ്മങ്ങളിൽ പങ്കുചേർന്ന നിങ്ങളെല്ലാവരും സമയത്തിന്റെ പൂർണ്ണതയിൽ സ്വർഗ്ഗീയ പിതാവിന്റെ ഭവനത്തിൽ ഒന്നുചേർന്ന് പരിശുദ്ധ ത്രിത്വത്തെ അനവരതം സ്തുതിക്കുവാൻ ഇടയാകട്ടെ. ഇപ്പോഴും + എപ്പോഴും എന്നേക്കും.

**സമൂഹം:** ആമ്മേൻ.

## സ്തോത്രഗാനം

ദൈവമേ! ഞങ്ങൾ അങ്ങേ വാഴ്ത്തുന്നു
അങ്ങേയ്ക്കായെന്നും സ്തോത്രങ്ങൾ
പാരിതിന്നധിനാഥനായങ്ങേ
ഞങ്ങളെന്നും സ്തുതിക്കുന്നു
നിത്യസൽ പിതാവാകുമങ്ങയെ
ആരാധിക്കുന്നു പാരാകെ
ആരാധിക്കുന്നു പാരാകെ.

ദൈവദൂതന്മാരേവരും പിന്നെ
സ്വർഗ്ഗവാസികൾ സർവരും
സ്വർഗ്ഗവും ക്രോവേ സ്രാപ്പേൽ വൃന്ദവും
സ്വർഗ്ഗസംഗീതം മീട്ടുന്നു
സൈന്യാധീശനായീടും ദൈവം
സംശുദ്ധൻ! സംശുദ്ധൻ! സംശുദ്ധൻ
നിത്യം സംശുദ്ധൻ! സംശുദ്ധൻ!

ഭൂവും വാനവും തൻ മഹിമയാൽ
തിങ്ങിടുന്നല്ലോ സന്തതം
ശ്രീയെഴും ദിവ്യപ്രേഷിതർ ധന്യ
നിവ്യന്മാർ വേദസാക്ഷികൾ
നിത്യാനന്ദ പ്രതാപവാനങ്ങേ
വാഴ്ത്തീടുന്നു നിരന്തരം.

നിസ്തുലൻ പ്രഭാപൂരിതൻ താത!
നിത്യനാം ഏകസൂനുവേ!
പാവനാത്മാ! ത്രീയേക ദൈവമേ
സ്തോത്രമെന്നുമെന്നേക്കുമേ
ലോകമാകവെ പാവനം സഭ
കീർത്തിക്കുന്നങ്ങേ സാദരം.

പ്രാഭവമെഴും രാജനാണു നീ
ക്രിസ്തുനാഥാ മഹോന്നതാ
ഉന്നതനായ താതൻ തന്നുടെ
ദിവ്യനാം സൂനുവാണു നീ
മർത്യരക്ഷയ്ക്കായ് കന്യകയിൽ നി-
ന്നങ്ങുമന്നിടെ ജാതനായ്.

മൃത്യുവേ ജയിച്ചങ്ങു മക്കൾക്കായ്
സ്വർഗ്ഗവാതിൽ തുറന്നഹോ
ദൈവത്തിന്റെ വലതുഭാഗത്തായ്
വാഴ്വൂ നീ ഭവ്യശോഭയിൽ
അങ്ങുതാൻ വിധിയാളനായ് വരു-
മെന്നും വിശ്വസിക്കുന്നിവർ.

നിന്നനർഘമാം ശോണിതത്തിനാൽ
വീണ്ടെടുത്തോരീ ദാസരിൽ
നിൻ കൃപാമൃതം ചിന്തണേയെന്നും
യാചിപ്പൂ ഞങ്ങൾ സാദരം
നിത്യാനന്ദത്തിലങ്ങേ സ്നേഹിത-
രൊത്തു ചേരാൻ കനിയണേ.

കാത്തിടൂ നാഥാ നിൻ ജനങ്ങളെ
ആശിസ്സേകണേ നിത്യവും
നീ ഭരിക്കുക നിൻ ജനങ്ങളെ
ഉന്നതി യവർക്കേകണേ
നിത്യവും ഞങ്ങളങ്ങേ വാഴ്ത്തും നിൻ
പാവനനാമവും തഥാ.

ഇന്നു ഞങ്ങളിൽ പാപമേശായ് വാൻ
നിന്നനുഗ്രഹം നല്കണേ
ആശ്രയിച്ചിവർ തീവ്രമായ് അങ്ങിൽ
തിങ്ങും കാരുണ്യം പുല്കുവാൻ
അർപ്പിച്ചു നിന്നിലാശ സർവ്വവും
ലേശം ലജ്ജിക്കയില്ല ഞാൻ.

-oOo-